ജനുവരി 2009 വാല്യം 2 ലക്കം 9

# ഗുരുദാസം

## വേദാന്ത മാസിക

സ്കൂൾ ഓഫ് വേദാന്തയുടെ മുഖപത്രം

**രക്ഷാധികാരികൾ**

ഡോ. പ്രഭാകരൻ എണ്ണക്കാത്തറ
സദാശിവൻ കെ.കെ.
ഡോ. കെ.വി. സത്യദേവ്
ശിവരാജൻ നങ്ങേലിൽ
ജയേഷ് സി. കെ.
വിനോദ് കുമാർ പി.ടി.
പ്രകാശൻ തൈക്കൂട്ടത്തിൽ
ഡോ. ശാന്തിമതി ഭാസ്കരൻ
നിരഞ്ജന ചേതന

**എഡിറ്റർ**

നിത്യ ചേതന

**എഡിറ്റർ-ഇൻ-ചാർജ്**

പ്രവീൺ വി.പി.

**പ്രൂഫ് റീഡിംഗ്**

സദാശിവൻ അയ്യങ്കുളം
ശബരി ചേതന

**ഗ്രാഫിക്സ്**

ബിപിൻ എൻ.പി.
രമണൻ ഒ.ടി.

**സർക്കുലേഷൻ മാനേജർ**

പ്രദീപ് കുമാർ കെ. ടി.

**പബ്ലിക് റിലേഷൻസ്**

സ്വരൂപ് വിശ്വം
ലക്ഷ്മി ആർ.

**ലീഗൽ അഡ്വൈസർ**

അഡ്വ. എൻ. എൻ. സുഗുണപാലൻ

## ഉള്ളടക്കം

എഡിറ്റോറിയൽ - 2

ക്രിസ്തുവും കൃഷ്ണനും - 6
സ്വാമി സുധി

ഹാഫിസിന്റെ സൂഫിഗീതം - 11
സുബൈദ കെ.

യുദ്ധവും സമാധാനവും - 12
സി.ഐ. ഗോപിനാഥൻ

മാതൃത്വത്തിന്റെ മാധുര്യം - 15
സ്വാമി സുധി

അദ്വൈതിയുടെ വിഗ്രഹഭാഷ്യങ്ങൾ - 21
ഗോപി കാഞ്ഞിരമറ്റം

മദ്യാസക്തി എന്ന രോഗം - 22
ഡോ. ലാംബർട്ട് കിഷോർ

മീരാഭജൻ - 27
അഷിത

ധൃതരാഷ്ട്രന്മാർ ഇന്നും ജീവിക്കുന്നു - 28
സ്വാമി സുധി


ഗുരു നിത്യചൈതന്യയതി-ഒരു ചിത്രം - 36
രമണൻ ഒ.ടി.

പുരന്ദരദാസൻ: കർണ്ണാടകസംഗീതത്തിന്റെ - 37
നിമ്യ സലിംകുമാർ

ഉരുവാക്കു എന്നെ നിന്നിച്ഛപോലെ - 40
അബ്രഹാം ഇ.ജെ.

അന്ധഹൃദയങ്ങൾക്കായി ഒരാർദ്രഗീതം - 41
കെ. ജിഗീഷ്

വേദാന്ത വൃത്താന്തം - 46



# പുതുവർഷത്തിന്റെ പുതുമ നഷ്ടപ്പെടാതിരിക്കാൻ

നാം വീണ്ടും ഒരു പുതുവർഷത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. പഴയ വർഷത്തെ പുറകിലാക്കി പുതിയ വർഷത്തെ നാം എതിരേറ്റുകഴിഞ്ഞു. കാലത്തേയും പഴകിയ ഒരു തുണിപോലെ കളയുന്നു. പുതിയ കാലവസ്ത്രത്തെ നാം അണിയുന്നു. കാലത്തിന്റെ കോടിവസ്ത്രം കുറേദിവസം നാം അണിയുമ്പോൾ അതിലും കറ പുരളും. ദുർഗന്ധം വമിയ്ക്കും. എന്തുകൊണ്ടാണ് എല്ലാം പഴകുന്നത്? പ്രകൃതി പരിണാമസ്വഭാവമുള്ളവളാണ്. കാലവും ദേശവും പ്രകൃതിയുടെ രണ്ട് അടരുകളാണ്. അവയും മാറ്റത്തിനു വിധേയമാണ്.

എന്നാൽ പ്രകൃതിയിലെ പരിണാമത്തെ നിരന്തരം കണ്ടുകൊണ്ടിരിക്കുന്ന മനസ്സിലാണ് പുതുമയും പഴമയും വന്നു നിറയുന്നത്. ചില വസ്തുക്കളോടു നമുക്കു തോന്നുന്ന ആദ്യാഭിനിവേശം പൊടുന്നനെ ക്ഷയിക്കുന്നു. വ്യക്തിബന്ധങ്ങളിലും പഴക്കം അനുഭവപ്പെടുന്നു.

മനസ്സിനെ എപ്പോഴും നമുക്കു പുതുക്കിക്കൊണ്ടിരിക്കണം. പുതുമയെ എതിരേൽക്കുമ്പോൾ മനസ്സ് ഉന്മിഷത്താകുന്നു. പുതിയ വർഷവും മനുഷ്യമനസ്സിൽ പ്രത്യാശകളെ ഉളവാക്കുന്നുണ്ട്. കൊച്ചുകുട്ടികൾ മുതൽ മുതിർന്നവർ വരെ പുതുവർഷത്തിൽ ആചരിക്കേണ്ടുന്ന ചില തീരുമാനങ്ങളെടുക്കുന്നു. ആ തീരുമാനങ്ങൾ പുതുവർഷത്തെ കൂടുതൽ ഭദ്രതയുള്ളതാക്കുമെന്ന് അവർ കരുതുന്നു. കുട്ടികൾ പ്രഭാതത്തിൽ നേരത്തേ എണീക്കുവാനും പാഠങ്ങൾ കൃത്യമായി പഠിക്കുവാനും ഡയറി എഴുതിത്തുടങ്ങുവാനും തീരുമാനിക്കുന്നു.

മുതിർന്നവരുടെ തീരുമാനത്തിൽ അല്പംകൂടി വ്യത്യസ്തത കാണാം. പുകവലി നിർത്തുവാനും മദ്യപാനം ഉപേക്ഷിക്കുവാനും

തീരുമാനിക്കുന്നവരുണ്ട്. സ്ത്രീകളാണെങ്കിൽ അടുക്കള ചിട്ട യോടെ കൊണ്ടുനടക്കാനും സ്വർണ്ണത്തിനും വസ്ത്രത്തിനും അമിതമായി പണം ചിലവഴിയ്ക്കാതിരിക്കാനുമൊക്കെ തീരുമാ നിക്കും. തൊട്ടതിനും പിടിച്ചതിനുമൊക്കെ രോഷം കൊള്ളുന്ന വർ ഇനി മുതൽ ശാന്തതയോടെ ജീവിതത്തെ സമീപിക്കുമെന്ന് തീരുമാനമെടുക്കുന്നു. എല്ലാ തീരുമാനങ്ങളും കുറച്ചുദിവസങ്ങൾ ചിട്ടയോടെയും കൃത്യതയോടെയും നടപ്പിലാക്കും. ക്രമേണ ആ ചിട്ടയെല്ലാം പോയി പഴയ ശീലങ്ങൾ നമ്മെ കീഴ്പ്പെടുത്തിതുട ങ്ങും. മദ്യം നിർത്തിയവൻ വീണ്ടും മദ്യപിച്ചുതുടങ്ങും. വീട്ടമ്മ യുടെ വൃത്തിയാക്കിയ അടുക്കള അടുക്കും മുറയും ഇല്ലാത്ത തായിത്തീരും. കുട്ടികളുടെ പഠനമെല്ലാം അവതാളത്തിലാകും.

ജീവിതത്തിൽ നാം നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കുന്ന ചിട്ട കളും ആചാരങ്ങളും നമുക്ക് ദീർഘകാലം തുടരുവാൻ കഴിയു കയില്ല. നമ്മൾ തിരഞ്ഞെടുക്കുന്ന തീരുമാനങ്ങൾക്ക് നമ്മുടെ ജീവിതത്തിനോട് സഹജമായ ബന്ധമുണ്ടായിരിക്കണം. ഹൃദ യത്തിന് അഭിരമനമുണ്ടാകുന്ന പ്രവൃത്തികളാണ് ദീർഘകാലം തുടരാൻ കഴിയുകയുള്ളൂ. അതിനുവേണ്ടി മനുഷ്യൻ ആദ്യമേ ഒരു സാധകനായിത്തീരണം. നല്ല ഒരു സാധകന് ഒരു പുതു വർഷംതന്നെ വേണമെന്നില്ല ജീവിതത്തിൽ മാറ്റങ്ങൾ വരുത്താൻ. എതു സന്ദർഭത്തിലും ജീവിതത്തെ സാധനയായി കണ്ട് അനു ഷ്ഠിക്കുവാൻ സാധകനു കഴിയണം. നല്ല അവബോധവും ഉണർന്ന മനഃസാന്നിദ്ധ്യവും ഇതിലേക്കായി സാധകനു വേണം.

ശങ്കരാചാര്യർ ഒരു സാധകനെ നമ്മിൽ വളർത്തിയെടുക്കാ നായി നാല്പതോളം ഉപദേശങ്ങൾ തരുന്നു. ഈ പുതുവർഷം ആരംഭിക്കുമ്പോൾ ഈ ഉപദേശങ്ങളിൽ ഏതെങ്കിലും നിങ്ങളുടെ ജീവിതതാത്പര്യത്തിനോട് അനുഗുണമായി വരുന്നുണ്ടെങ്കിൽ ആ തീരുമാനത്തെ സുനിശ്ചിതമായി മുറുകെപ്പിടിച്ചു ജീവിച്ചു നോക്കൂ. വലിയ പരിവർത്തനം നിങ്ങൾക്കു നിങ്ങളിൽ സൃഷ്ടി ക്കാൻ കഴിയും. ഈ പുതുവർഷത്തിന്റെ പുതുമ തോരാതെ നിങ്ങൾക്കു മനസ്സിൽ സൂക്ഷിയ്ക്കാൻ കഴിയും.

1. ഞാൻ നിത്യവും ആത്മപോഷകങ്ങളായ ഗ്രന്ഥങ്ങൾ അദ്ധ്യയനം ചെയ്യും.
2. ഞാൻ ധാർമ്മികവും പ്രകൃതിനിഷ്ഠവുമായ കർമ്മങ്ങൾ ശ്രദ്ധാപൂർവ്വം അനുഷ്ഠിക്കും.
3. എന്റെ കർമ്മങ്ങളെ ഞാൻ ഈശ്വരാരാധന എന്ന നില യിൽ അനുഷ്ഠിക്കും.

4 എന്റെ മനസ്സിനെ മഥിക്കുന്ന എല്ലാ കാമനകളേയും ഞാൻ ഒഴിവാക്കും.

5 എന്നിലെ മലിനവിചാരങ്ങളെ ഞാൻ കഴുകിക്കളയും.

6 ലൗകികസുഖങ്ങളിൽ ദോഷം പതിയിരിക്കുന്നുണ്ടെന്ന കാര്യം ഞാൻ എപ്പോഴും ഓർക്കും.

7 അനവരതം ആത്മാവിനെ അറിയാൻ ഞാൻ ശ്രമിക്കും.

8 എന്നിലെ മമതാബോധത്തിൽനിന്നും ഞാൻ പുറത്തു കടക്കും.

9 ഞാൻ സജ്ജനങ്ങളുമായി സംസർഗ്ഗം ചെയ്യും.

10 ഞാൻ ഭഗവദ്ഭക്തി ദൃഢപ്പെടുത്തും.

11 ഞാൻ ശമാദിഗുണങ്ങൾ വികസിപ്പിക്കും.

12 ബന്ധനത്തെ ഉളവാക്കുന്ന കർമ്മങ്ങൾ ഞാൻ ഉടനെ ഉപേക്ഷിക്കും.

13 ഞാൻ സദ്ഗുരുവിനെ സമാശ്രയിക്കും.

14 ഞാൻ നിത്യവും ഗുരുപാദങ്ങളെ വന്ദിക്കുകയും അനുസന്ധാനം ചെയ്യുകയും ചെയ്യും.

15 ഞാൻ നിത്യവും പ്രണവത്തെ ഉപാസിക്കും.

16 ഞാൻ ഉപനിഷദ്വാക്യങ്ങൾ നന്നായി ശ്രവണം ചെയ്യും.

17 ഞാൻ ഉപനിഷദ്വാക്യങ്ങളുടെ അർത്ഥം വിചാരം ചെയ്യും.

18 ഞാൻ പരമമായ പൊരുളിനെ സമാശ്രയിക്കും.

19 ഞാൻ വാദവും തർക്കവുമെല്ലാം വെടിയും.

20 ഞാൻ ആത്മജ്ഞാനത്തിനുതകുന്ന വിചാരരീതി അവലംബിക്കും.

21 ഞാൻ ബ്രഹ്മമാണ് എന്നു നിരന്തരം ഭാവന ചെയ്യും.

22 ഞാൻ എന്റെ ഗർവ്വു കളയും.

23 ദേഹമാണു ഞാനെന്ന ഭാവന വെടിയും.

24 ഞാൻ ജ്ഞാനികളുമായി തർക്കിക്കുകയില്ല.

25 ഞാൻ വിശപ്പിനെ ശമിപ്പിക്കുകയും രോഗത്തിനു ചികിത്സ നൽകുകയും ചെയ്യും.

26 ദിവസവും കഴിക്കുന്ന ഭക്ഷണം ഭിക്ഷയും ഔഷധവുമായി ഞാൻ കരുതും.

27 രുചിയുള്ള ആഹാരം കഴിയ്ക്കാനായി ഞാൻ പിടിവാശി കാണിക്കുകയില്ല.

28 ആവശ്യപ്പെടാതെതന്നെ കിട്ടുന്നതുകൊണ്ട് ഞാൻ തൃപ്തിപ്പെടും.

29 അനിവാര്യമായ ദുഃഖങ്ങളേയും വേദനകളേയും ഞാൻ സഹിക്കും.

30 അനാവശ്യമായി ഞാൻ സംസാരിക്കാതിരിക്കും.

31 പ്രതികൂലസന്ദർഭങ്ങളിൽ ഞാൻ ഉദാസീനഭാവം കൈക്കൊള്ളും.

32 മറ്റുള്ളവരുടെ ഔദാര്യത്തിനുവേണ്ടി ഞാൻ കാത്തിരിക്കുകയില്ല.

33 ഏകാന്തത്തിൽ ചിലവഴിക്കാൻ സമയം കിട്ടുമ്പോൾ ഞാൻ പ്രശാന്തചിത്തതയോടെ ധ്യാനിച്ചിരിക്കും.

34 ഞാൻ പരംപൊരുളിൽ മനസ്സിനെ ഉറപ്പിച്ചുനിർത്തും.

35 ജീവിതത്തിൽ എല്ലായ്പ്പോഴും ഞാൻ ആത്മാവിന്റെ പൂർണ്ണതയെ ദർശിക്കും.

36 പ്രകൃതിയിലെ എല്ലാം ഞാൻ ദിവ്യമായി കാണും.

37 മനസ്സിലടിഞ്ഞുകൂടി കിടക്കുന്ന കർമ്മവാസനകളെ ഞാൻ കഴുകി വൃത്തിയാക്കും.

38 നിഷ്കാമകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിലൂടെ ഭാവി കർമ്മങ്ങളിൽ ഞാൻ ബന്ധിതനാകാതെ നോക്കും.

39 പ്രാരബ്ധത്തെ അനുഭവിക്കാൻ നിസംഗതയോടെ ഞാൻ അനുവദിക്കും.

40 പരമാത്മാവാണ് ഞാൻ എന്ന അനുഭവത്തിൽ ഉറച്ചുതന്നെ ഞാനിരിക്കും.

ഈ തീരുമാനങ്ങൾ നിങ്ങൾ മനസ്സിരുത്തി വായിക്കണം. ഇവയിൽ പല തീരുമാനങ്ങളും നിങ്ങൾക്കു അനുവർത്തിക്കാൻ കഴിഞ്ഞില്ലെങ്കിലും അവയെക്കുറിച്ചൊക്കെ അവബോധത്തോടുകൂടി ഓർത്തിരിക്കുന്നത് നന്നായിരിക്കും. പുതുവർഷം നിങ്ങൾക്കെല്ലാവർക്കും ഭാസുരമായ ദിനരാത്രങ്ങൾ സമ്മാനിക്കട്ടെ.

## കിഴക്കും പടിഞ്ഞാറും



സ്വാമി സുധി

# ക്രിസ്തുവും കൃഷ്ണനും



ക്രിസ്തുവിന്റേയും കൃഷ്ണന്റേയും നമുക്കു പരിചിതമായ ജീവിതകഥയിൽത്തന്നെ ഒട്ടേറെ സമാനതകൾ കാണാൻ കഴിയുന്നുണ്ട്. ക്രിസ്തുവിന്റെ ജനനം അന്നത്തെ ഭരണാധികാരിയായിരുന്ന ഹെറോദേസിനെ ഭയപ്പെടുത്തിയിരുന്നു. കൃഷ്ണന്റെ ജനനവും അമ്മാവനായ കംസനിൽ ഭയം ജനിപ്പിച്ചിരുന്നു. ഉണ്ണിയേശു പിറന്നത് ഒരു പുൽക്കൂട്ടിലായിരുന്നു. വളരെ ലളിതമായ ജനനം. ഉണ്ണിക്കൃഷ്ണൻ ജനിച്ചത് കൽത്തുറുങ്കിലായിരുന്നു. മാത്രമല്ല കൃഷ്ണന്റേയും ക്രിസ്തുവിന്റേയും പേരുകളിലും സമാനത ഉണ്ടായിരുന്നു.

ക്രിസ്തു ലോകത്തിന്റെ ആകർഷണമാണ്. കൃഷ്ണനും ക്രിസ്തുവും സംസ്കൃത ഭാഷയിൽ ഒരേ ശബ്ദമൂലത്തിൽനിന്ന് വ്യുത്പന്നമാകുന്നതാണ്. കർഷണം ചെയ്യുന്നവനാണ് കൃഷ്ണൻ. കർഷണമെന്നാൽ ആകർഷണംതന്നെ. സകല ജീവജാലങ്ങൾക്കും ആകർഷണമുണ്ടായിരിക്കുന്ന ഒരിടം അന്താരാത്മാവുതന്നെയാണ്. അഖിലരുമാത്മസുഖത്തിനായ് പ്രയത്നം സകല

വുമിങ്ങു സദാപി ചെയ്തിടുന്നു. ഒരു ചെറുജീവിപോലും ചേഷ്ടിക്കുന്നത് ആത്മസുഖത്തിനാണെന്നുള്ള കാര്യം നാരായണഗുരു സുനിശ്ചിതമായി പ്രഖ്യാപിക്കുകയാണ്. ശാശ്വതസുഖത്തിന്റെ ഇരിപ്പിടമാണ് ക്രിസ്തു. ആ ക്രിസ്തുവിനെ ചരിത്രത്തിലൂടെ അന്വേഷിച്ചുകണ്ടെത്തുകയല്ല ചെയ്യേണ്ടത്. അകമുഖമായി അന്വേഷിച്ചു നുണയുകയാണ് വേണ്ടത്. അതിന് തികച്ചും ധ്യാനാത്മകവും മൗനനിഷ്ഠവുമായ ഒരു ജീവിതത്തെ നാം സമാശ്രയിക്കേണ്ടിയിരിക്കുന്നു.

ധർമ്മത്തിന് ശോഷണം സംഭവിക്കുമ്പോഴൊക്കെ ദൈവം മനുഷ്യരൂപം കൈക്കൊണ്ട് ധർമ്മത്തിന്റെ ഗ്ലാനി തീർത്ത് ധർമ്മത്തെ പുനഃസ്ഥാപിക്കുമെന്ന് ഭഗവാൻ ഗീതയിൽ പറയുന്നു. ക്രിസ്തുവും കൃഷ്ണനും ധർമ്മസംസ്ഥാപനം നടത്തിയിട്ടുള്ള ചരിത്രത്തിലെ രണ്ട് മഹാപുരുഷന്മാരാണ്. അവരുടെ ജീവിതമോ ആശയമോ തമ്മിൽ ഒരിടത്തും വിരുദ്ധമാകുന്നില്ല.

ബൈബിളിൽ നാല് സുവിശേഷങ്ങളിലൂടെ ക്രിസ്തുവിന്റെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന വിവരങ്ങൾ നമുക്കു ലഭിക്കുന്നു. മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവരാണ് സുവിശേഷങ്ങൾ എഴുതിയിട്ടുള്ളത്. ഇവരുടെ സുവിശേഷങ്ങൾ ആദ്യകാലം മുതൽതന്നെ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. എന്നാൽ അടുത്തിടെ യേശുവിന്റെ ശിഷ്യനായ തോമസ് എഴുതിയ സുവിശേഷം വടക്കെ ഈജിപ്റ്റിലെ നഗ്ഹമാദി എന്ന സ്ഥലത്തുനിന്നും കണ്ടെടുക്കുകയുണ്ടായി. അതിൽ നൂറ്റിപ്പതിനാലോളം സൂത്രരൂപേണയുള്ള വാക്യങ്ങൾ ക്രോഡീകരിച്ചിരിക്കുന്നു. പരമോന്നതമായ സത്യത്തെ വിളംബരം ചെയ്യുന്ന വിശിഷ്ടവചനങ്ങളാണ് അവയെല്ലാം.

യേശുവിനെ ഒറ്റിക്കൊടുത്തു എന്ന് പറയപ്പെടുന്ന യൂദാസും സുവിശേഷം എഴുതിയിട്ടുള്ളതായി പറയപ്പെടുന്നു. യൂദാസിന്റെ സുവിശേഷം ഇന്ന് പ്രചുരപ്രചാരം നേടിക്കഴിഞ്ഞു. യൂദാസിന് യേശുവിനോട് സത്യസന്ധമായ സ്നേഹവും ഭക്തിയും ഉണ്ടായിരുന്നതായി ഈ സുവിശേഷത്തിൽനിന്നും തെളിയുന്നു. പക്ഷേ, സ്വന്തം ഗുരുവിനെ ഒറ്റിക്കൊടുത്ത വ്യക്തിത്വമായാണ് ചരിത്രത്തിൽ ഇന്നു യൂദാസിനെ കരുതിപ്പോരുന്നത്. മുപ്പതു വെള്ളി നാണയങ്ങൾക്കുവേണ്ടി യൂദാസ് അതു ചെയ്തു എന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്. പിന്നീട് പലരും യൂദാസിന്റെ ഹൃദയം അടുത്തറിയുവാൻ ശ്രമിച്ചിട്ടുണ്ട്. അവർ പറയുന്നത് ദൈവത്തിന്റെ നിയുക്തകർമ്മം നിർവ്വഹിക്കുവാൻ യൂദാസ് ഒരു കരുവായിത്തീരുക മാത്രമാണ് ചെയ്തത് എന്നാണ്. വേദനയോടെയാണ് യൂദാസിതു ചെയ്തത്. യൂദാസ് പിന്നീട് പശ്ചാത്തപിക്കുകയും തൂങ്ങിച്ചാവുകയും ചെയ്തു.

ക്രിസ്തുവിന്റെ ജീവിതത്തിലെ ഓരോ സംഭവവും മുൻകൂട്ടി പ്രവചിക്കപ്പെട്ടിട്ടുള്ളതായിരുന്നു. അതങ്ങനെ നടക്കേണ്ടതായിരുന്നു.

താൻ കുരിശിലേറുമെന്ന് യേശുവിന് നിശ്ചയമുണ്ടായിരുന്നു. ചിലപ്പോൾ ഒരു ഉൾവെളിച്ചംപോലെ അദ്ദേഹം അതിനെക്കുറിച്ച് പറയുമായിരുന്നു:

"ഒരാൾ ഒരു മുന്തിരിത്തോട്ടം വച്ചുപിടിപ്പിച്ചു. അതിനുചുറ്റും വേലി കെട്ടി. അതിലൊരു മുന്തിരിച്ചക്കും ഉറപ്പിച്ചു. ഒരു കാവൽഗോപുരവും നിർമ്മിച്ചു. മുന്തിരി കൃഷിചെയ്യുവാൻ തോട്ടം കുടിയാന്മാരെ ഏൽപ്പിച്ചു. അതിനുശേഷം അയാൾ മറ്റൊരു ദേശത്തേക്കു പോയി.

വിളവെടുപ്പു കാലമായപ്പോൾ മുന്തിരിപ്പഴങ്ങളുടെ ഓഹരി വാങ്ങാൻ ഒരു ഭൃത്യനെ അയാൾ കുടിയാന്മാരുടെ അടുക്കലേക്കയച്ചു. അവർ ആ ഭൃത്യനെ കഠിനമായി പ്രഹരിച്ചു. വെറുംകൈയോടെ തിരിച്ചയച്ചു. വീണ്ടും അയാൾ മറ്റൊരു ഭൃത്യനെ അവരുടെ അടുക്കലേക്കയച്ചു. അവർ അയാളേയും മുറിവേൽപ്പിക്കുകയും അപമാനിക്കുകയും ചെയ്തു. അയാൾ വീണ്ടും ഒരുവനെക്കൂടി അയച്ചു. ആ ഭൃത്യനെ അവർ കൊന്നുകളഞ്ഞു. അവസാനം അയാൾ തന്റെ പ്രിയപ്പെട്ട പുത്രനെത്തന്നെ അവരുടെ അടുക്കലേക്കു പറഞ്ഞയച്ചു. അവർ തന്റെ പുത്രനെ ബഹുമാനിക്കുമെന്ന് അയാൾ കരുതി. എന്നാൽ കുടിയാന്മാർ അന്യോന്യം പറഞ്ഞു: ഇയാൾ ഈ സ്വത്തിന്റെ അവകാശിയാണ്. വരൂ, നമുക്കിയാളെ കൊല്ലാം. അപ്പോൾ അവകാശം നമുക്കാവും. അവർ അയാളെ പിടികൂടി കൊന്നു. മുന്തിരിത്തോട്ടത്തിനു പുറത്തെറിഞ്ഞു. തോട്ടത്തിന്റെ ഉടമ ഇനി എന്തു ചെയ്യുമെന്നറിയാമോ? അയാൾ കുടിയാന്മാരെ മുഴുവനും നശിപ്പിക്കും. മുന്തിരിത്തോട്ടം നന്മയുള്ളവരെ ഏൽപ്പിക്കും."


ഈ മുന്തിരിത്തോട്ടത്തിന്റെ കഥ ഒത്തിരിയൊത്തിരി നിഗൂഢാർത്ഥങ്ങളെ ഗോപനം ചെയ്തുവച്ചിരിക്കുന്നതാണ്. ക്രിസ്തുവിന്റെ ജീവിതകഥാതന്തു ഈ കഥയിൽ കോർത്തിണക്കിയിട്ടുണ്ട്. ദൈവം ദൈവത്തിന്റെ മകനെ ധർമ്മസംസ്ഥാപനത്തിനായി ഭൂമിയിലേക്കയച്ചു. ഈ ഭൂമി ദൈവത്തിന്റെ മുന്തിരിത്തോപ്പാണ്. ഇവിടെ വസിക്കുന്ന ജനതയെല്ലാം ദൈവത്തിന്റെ കുടിയാന്മാരാണ്. ദൈവത്തിനുള്ള ഓഹരി ദൈവത്തിനു കൊടുക്കണം. അതു കൊടുക്കാതിരിക്കുമ്പോൾ സ്വാർത്ഥതയും അഹങ്കാരവും പെരുകും. അപ്പോൾ ദൈവം നേരിട്ട് തന്റെ മകനെ അയയ്ക്കും. ദൈവശക്തിതന്നെ മനുഷ്യാകാരം പൂണ്ടതാണത്. മനുഷ്യാകാരം പൂണ്ട ദൈവത്തെ ആരും വിശ്വസിക്കുകയില്ല. എന്നാൽ ഉൾക്കണ്ണുള്ളവർക്ക് ദൈവപുത്രനെ തിരിച്ചറിയാൻ കഴിയും. അവർ അദ്ദേഹത്തിന്റെ ശിഷ്യരായിത്തീരും. എന്നാൽ ദൈവപുത്രനെ സംശയിക്കുന്നവർ അദ്ദേഹത്തെ കുരിശിലേറ്റും.

"ദൈവത്തിനുള്ളത് ദൈവത്തിനു കൊടുക്കുക. സീസറിനുള്ളതു സീസറിനും." ഇതു ക്രിസ്തുവിന്റെ വചനമാണ്. ജീവിതത്തിന് ആന്തരികവും ബാഹ്യവുമായിട്ടുള്ള പോഷണങ്ങൾ കിട്ടിക്കൊണ്ടിരിക്കണം. ബാഹ്യമായ പോഷണങ്ങൾ ശരീരത്തിനും മനസ്സിനുമാണ്.

ആന്തരികമായ പോഷണം ആത്മാവിനുള്ളതാണ്. സീസർ ബാഹ്യജീവിതത്തിന്റെ പ്രതീകമാണ്. ദൈവം ആന്തരിക ജീവിതത്തിന്റേയും.

ഭഗവദ്ഗീതയിൽ കർമ്മം യജ്ഞരൂപത്തിൽ അനുഷ്ഠിക്കുമ്പോൾ മാത്രമാണ് അത് ഈശ്വരീയമാകുന്നുള്ളൂ എന്നു പറയുന്നു. യജ്ഞരൂപത്തിലല്ലാത്ത കർമ്മങ്ങളെല്ലാം ബന്ധനം ഉണ്ടാക്കുന്നവയാണ്. അഹങ്കാരത്തെ വെടിഞ്ഞ് ഈശ്വരാർപ്പിതമായി ചെയ്യുന്ന കർമ്മമാണ് യജ്ഞം. യജ്ഞകർമ്മത്തിൽ കർമ്മഫലത്തിനായുള്ള ഉൽക്കണ്ഠകളോ ആകാംക്ഷകളോ ഇല്ല. തികഞ്ഞ നിസ്വാർത്ഥവാനായിരിക്കും യാജ്ഞികൻ. യജ്ഞം കർമ്മാനുഷ്ഠാനത്തിന്റെ കലയാണ്. അതു ജീവനകല കൂടിയാണ്. അതു നാം സ്വായത്തമാക്കേണ്ടതുണ്ട്. കർമ്മത്തെ അഹങ്കാരരഹിതമാക്കുവാൻ ഏതെങ്കിലും ഒരു മതത്തിന്റെ വക്താവാകണമെന്നില്ല. അഹങ്കാരലേശമില്ലാതെ കർമ്മം സ്വാഭാവികമാകുന്നത് ഉള്ളറിയുവാനുള്ള ബോധത്തിന്റെ വെളിവ് വേണമെന്നു മാത്രം.

ക്രിസ്തുവിന്റെ വചനത്തിലായാലും കൃഷ്ണന്റെ വചനത്തിലായാലും ബോധവികാസമാണ് ജീവന്റെ പരമോന്നത ലക്ഷ്യമായിരിക്കുന്നത്. ബോധം നിറവോടെ പ്രസ്ഫുരിക്കുന്ന ഇടത്തെ ഹൃദയം എന്നു പറയുന്നു. അതുകൊണ്ട് ദൈവത്തെ തിരഞ്ഞ് ആ മലയിലോ ഈ മലയിലോ ചുറ്റിത്തിരിയരുതെന്ന് യേശു ഉദ്ബോധിപ്പിച്ചു. ഹൃദയത്തിലാണ് ദൈവത്തിന്റെ ഇടം. ദൈവം ഹൃദയത്തിൽ വസിക്കുമ്പോൾ ജീവിതം സ്നേഹസുരഭിലമായി



ത്തീരും. ക്രിസ്തു അതുകൊണ്ട് ദൈവത്തേയും സ്നേഹത്തേയും വെവ്വേറെ കാണുന്നില്ല. കൃഷ്ണൻ അർജ്ജുനനോടു പറഞ്ഞുകൊടുത്തു, ഈശ്വരൻ എല്ലാ ജീവികളുടേയും ഹൃദയത്തിലിരുന്നുകൊണ്ട് അവരുടെ ചലനങ്ങളെ സ്വാഭാവികമാക്കുന്നു എന്ന്. കർമ്മം സ്വാഭാവികമാകുമ്പോൾ അത് ധാർമ്മികവും പ്രകൃതിനിഷ്ഠവുമായിത്തീരും.

ഇന്ന് ആധുനികമനുഷ്യൻ തന്റെ ഭാവിയെക്കുറിച്ച് ആശങ്കാകുലരാണ്.

നാളെയെ സുരക്ഷിതമാക്കാൻ മനുഷ്യൻ തത്രപ്പെടുന്നു. ഉത്ക്കണ്ഠകളും ഭയങ്ങളും ഉണ്ടാകുന്നത് ദൈവത്തിൽ അർപ്പിതമായ ശ്രദ്ധാഭക്തികൾ നഷ്ടപ്പെടുമ്പോഴാണ്. കൂടെക്കൂടെ ക്രിസ്തു സാമാന്യജനതയോടു ഉപദേശിച്ചു. "ഭയപ്പെടരുത്" എന്ന്. "നിങ്ങളുടെ ഭയം അസ്ഥാനത്താണ്. ഞാൻ നിങ്ങളുടെ കൂടെ എപ്പോഴുമുണ്ട്. എന്നെപ്പിരിഞ്ഞ് ഒരു നേരവും നിങ്ങൾക്കിരിക്കാനാവില്ല.



ഞാൻ നിങ്ങളുടെ സന്തതസഹചാരിയാണ്." നാം മറന്നുപോകുന്ന വലിയൊരു രഹസ്യം യേശു ഓർമ്മപ്പെടുത്തുകയാണ്. ആശ്വാസമേകുന്ന വാക്കുകളാണിവ. അനാഥനെന്നു വിലപിച്ച് കഴിഞ്ഞുകൂടുന്നവന്റെ ഉള്ളിൽ ഈ വാക്കുകൾ സനാഥത്വം ഉണർത്തും. ഭഗവാൻ കൃഷ്ണൻ അർജ്ജുനനെ നിമിത്തമാക്കി ലോകത്തിനോടു പറഞ്ഞു: "മാ ശുചഃ" – നീ ദുഃഖിക്കരുത്. ദുഃഖം അസ്ഥാനത്താണ്. നമ്മുടെ ദുഃഖങ്ങളെല്ലാം ലോകവിഷയങ്ങളിൽ അധിഷ്ഠിതമാണ്. നാം ഒരിക്കലും നമ്മിലേക്കു തിരിഞ്ഞ് നമ്മെ കണ്ടെത്തിയിട്ടില്ല. മറ്റുള്ളവരുടെ മുഖദർപ്പണത്തിലാണ് നമ്മുടെ വ്യക്തിത്വത്തെ മാറ്റുരച്ചുനോക്കുന്നത്. വേറൊരാളുടെ അഭിപ്രായത്തിൽ നാം ആശ്വസിക്കുകയും അസ്വസ്ഥരാകുകയും ചെയ്യുന്നു. അതുകൊണ്ട് നമ്മുടെ ദുഃഖം അസ്ഥാനത്തു തന്നെയാണെന്നാണ് ഭഗവാൻ പറയുന്നത്. ഇതിനൊരു പരിഹാരമായിട്ടാണ് ഭഗവാൻ കൃഷ്ണൻ അർജ്ജുനനോടു പറഞ്ഞുകൊടുക്കുന്നത്:

"സർവ്വധർമ്മാൻ പരിത്യജ്യ
മാമേകം ശരണം വ്രജ
അഹം ത്വാ സർവ്വപാപേഭ്യോ
മോക്ഷയിഷ്യാമി മാ ശുചഃ."

നിന്റെ എല്ലാ കഥനഭാരവും ഞാൻ എടുത്തുമാറ്റാം. പക്ഷേ നീ എന്നിൽ ശരണം ഗമിക്കണം. നിന്റെ സങ്കീർണ്ണമായ അന്വേഷണങ്ങളിൽനിന്ന് നീ പിൻതിരിയൂ. എന്നിലല്ലാതെ പിന്നെ എവിടെയാണ് നിനക്ക് സമാശ്വാസത്തിന്റെ പൂർണ്ണതയുണ്ടാവുക. കാരണം ഞാൻ നിന്റെ നാഥനാണല്ലോ.

യേശുവും കൃഷ്ണനും ദിക്കുകൾക്കും കാലങ്ങൾക്കും അതീതമായി ജീവിതത്തെ ആഘോഷിച്ച രണ്ട് യതിശ്രേഷ്ഠന്മാരായിരുന്നു. അവരിലേക്ക് എത്തിച്ചേരാൻ നാം ഇനിയും കാതങ്ങൾ താണ്ടേണ്ടിയിരിക്കുന്നു. അവരുടെ വ്യക്തിത്വം അനുകരിക്കുകയല്ല ചെയ്യേണ്ടത്. മറിച്ച് അവരുടെ വ്യക്തിത്വത്തിന്റെ ഉറവ നമ്മുടെ അന്തഃസത്തയിൽനിന്ന് കോരിക്കുടിക്കുകയാണ് വേണ്ടത്. ഈ ലഹരിയാകട്ടെ നമ്മുടെ ക്രിസ്തുമസ്സ് സന്ദേശം. എല്ലാവർക്കും ക്രിസ്തുമസ്സ് ആശംസകൾ.



# ഹാഫിസിന്റെ സൂഫിഗീതം

സുബൈദ കെ.

ഉണരുക! സുവർണ്ണ ചഷകം നിറയ്ക്കുക
ഉല്ലാസവീഞ്ഞ് നിറഞ്ഞ് കവിയുംവരെ,
വിളറി ഒഴിഞ്ഞ നിൻതലയോട്ടിക്കപ്പിലേക്ക്
വിളമ്പുകാരൻ ചവറെറിയും മുൻപേ.

നിശബ്ദതാഴ്വരയിലേക്ക് വരേണ്ടതുണ്ട്.
നാം പോകുന്നതിൻമുമ്പേ
പൊട്ടിച്ചിരിക്കട്ടെ കാമനകൾ
പ്രകമ്പിതമാകട്ടെ സ്വർഗ്ഗമിനാരങ്ങൾ
പ്രതിധ്വനിക്കുന്ന മറുമൊഴികളാൽ!
നീ അറിയുന്നു:
ഈ ഭൂമികയിലെ നിധികൾ കാത്തിരിക്കുന്നില്ല.
പൃഥ്വിയേകുമീ ക്ഷണികമാം വിളവുകൾ
ചഷകത്തിനഗ്നി ഭുജിച്ചുകൊള്ളട്ടെ!
മണ്ണിലേക്ക് ഞാൻ മടങ്ങുമ്പോൾ
ഓ...സൈപ്രസ് വൃക്ഷമേ....
മറന്നീടുക നിന്റെയീ ചാപല്യത്തെ
എന്റെ ആഗ്രഹധൂളികൾക്ക് മീതെ
നിന്റെ നിഴലുകൾ പൊഴിയ്ക്കുക.

കയ്ക്കുന്ന കണ്ണീർകണങ്ങളേ ഒഴുകുക,
എന്നെ ശുദ്ധീകരിക്കുക.
സ്വർഗ്ഗത്തിനും ഭൂമിക്കും ഇടയിലെ പാതയിൽ
നിലയുറപ്പിച്ച വിശുദ്ധർക്കുവേണ്ടി
അവർ പറയും...
നിന്റെ നേത്രങ്ങൾ വിശുദ്ധിയിലേക്ക് തുറക്കുക
ഞാൻ കാണുന്നതെന്റെ ഉണ്മ മാത്രം!
അത്യാചാരി കാണുന്നതു പാപവും
അവന്റെ ആത്മാവിന്റെ കണ്ണാടിയിൽ
കദനം തെളിയുന്നു.

സി.ഐ ഗോപിനാഥൻ

# യുദ്ധവും സമാധാനവും



യഥാർത്ഥത്തിൽ യുദ്ധം നടക്കുന്നത് എവിടെയാണ്? അതു പുറത്തൊരിടത്തുമല്ല. നമ്മുടെയെല്ലാം ഉള്ളിൽത്തന്നെയാണ്. നമ്മിലെ ദ്വൈതബുദ്ധിയാണ് അതിനു കാരണം. തന്നിൽനിന്ന് അന്യമാണ് മറ്റുള്ളവയെല്ലാം എന്ന തോന്നൽ. അതില്ലെങ്കിൽ ആര് ആരോട് യുദ്ധം ചെയ്യാനാണ്?

ദ്വൈതവും അദ്വൈതവും, ശത്രുവും മിത്രവും, ദേവനും അസുരനും, ഈശ്വരനും ചെകുത്താനും, നന്മയും തിന്മയും – ഈ ദ്വന്ദ്വങ്ങളെല്ലാം നമ്മുടെ ഉള്ളിൽത്തന്നെയാണുള്ളത്. ഇന്ദ്രിയമനോബുദ്ധികൾ ആത്മസത്തയിൽ ഉറച്ചുനിൽക്കുമ്പോൾ അവയ്ക്കിടയിൽ ഭിന്നതകളുണ്ടാവില്ല. സമന്വയമുണ്ടാകും. തന്നിൽനിന്ന് അന്യമായി മറ്റൊന്നിനെ കാണാനാവില്ല. തന്നിലുള്ളതെല്ലാം മറ്റുള്ളവരിലും മറ്റുള്ളവരിലുള്ളതെല്ലാം തന്നിലും കാണാനാകും. ജ്ഞാനശക്തി വിക്ഷേപശക്തിയേയും ആവരണശക്തിയേയും കീഴടക്കിനിർത്തും. വികാരവിക്ഷോഭങ്ങളുണ്ടാകില്ല. അപ്പോൾ ഇന്ദ്രിയമനോബുദ്ധികൾ ശാസ്ത്രം നിർദ്ദേശിക്കുന്ന വിധ

മുള്ള ജ്ഞാനകർമ്മങ്ങളോടുകൂടിയതായിത്തീരും. പുണ്യാതിരേകം കൊണ്ട് തേജസ്സുറ്റതായിത്തീരും. അതാണ് ദേവത്വം. ഇന്ദ്രിയമനോബുദ്ധികൾ ആത്മസത്തയിൽനിന്ന് വ്യതിചലിച്ച് ബഹിർമുഖമായി പുരോഗമിക്കുമ്പോൾ ജീവ-ബ്രഹ്മൈക്യം നഷ്ടപ്പെടും. ഉള്ളിലുള്ള സമന്വയാവസ്ഥ തെറ്റും. തന്നിൽ നിന്ന് അന്യമാണ് മറ്റുള്ളതെല്ലാമെന്ന തോന്നലുണ്ടാകും. ബഹിർമുഖത്വം വളരുമ്പോൾ ജ്ഞാനശക്തിയെ കീഴ്പ്പെടുത്തി വിക്ഷേപശക്തിയും ആവരണശക്തിയും പ്രബലങ്ങളായിത്തീരും. വികാരവിക്ഷോഭങ്ങളുണ്ടാകും. അപ്പോൾ ഇന്ദ്രിയമനോബുദ്ധികൾ ശാസ്ത്രവിധി വിട്ട് ഇന്ദ്രിയങ്ങളുടെ സ്വാഭാവികമായ ഇന്ദ്രിയജന്യവും അനുമാനജന്യവുമായ സ്വാഭാവിക ചേഷ്ടകളെ ആശ്രയിച്ച് ഉടൻ ഫലം ലഭിക്കുന്ന പ്രവൃത്തികളിൽ ഏർപ്പെടും. ഇതിനെയാണ് അസുരത്വം എന്നു പറയുന്നത്.

ഉള്ളിൽ ഭിന്നതകൾ ഉടലെടുക്കുമ്പോൾ അഹംബുദ്ധി ഉണരും. അതിന്റെ കൂടെപ്പിറപ്പുകളാണ് അഷ്ടരാഗങ്ങളായ കാമം, ക്രോധം, ലോഭം, മോഹം, ഡംഭ്, ദർപ്പം, മദം, മാത്സര്യം ഇവ. ഇന്ദ്രിയമനോബുദ്ധികൾ ഈ അധമവികാരങ്ങൾക്ക് അടിമപ്പെടുമ്പോൾ ആസുരവൃത്തികൾ ഏറും. ധർമ്മം നശിക്കും. അധർമ്മങ്ങൾ പെരുകും. അകത്തും പുറത്തും സ്വസ്ഥതയും ശാന്തിയും സമാധാനവും നഷ്ടപ്പെടും. അങ്ങനെ സംഭവിക്കുമ്പോൾ അധർമ്മത്തെ കീഴടക്കി ധർമ്മം പുനഃസ്ഥാപിക്കുവാനുള്ള വഴികളും നമ്മിൽത്തന്നെയുണ്ട്. ഇന്ദ്രിയമനോബുദ്ധികളെ അവയുടെ ബന്ധനങ്ങളിൽനിന്ന് മോചിപ്പിച്ച് ആത്മാഭിമുഖമായി തിരിച്ചുകൊണ്ടുവരിക. അവ ആത്മസത്തയിൽ ലയിച്ചുചേരുമ്പോൾ ഭിന്നതകൾ അസ്തമിക്കും. പുരുഷനും പ്രകൃതിയുമായുള്ള സമന്വയാവസ്ഥ വീണ്ടെടുക്കാനാകും. സ്വസ്ഥതയും ശാന്തിയും സമാധാനവും കൈവരും. അന്തർമുഖവും ബഹിർമുഖവുമായ ഈ രണ്ട് അവസ്ഥകളും നമ്മിൽത്തന്നെയാണുള്ളത്. യുദ്ധത്തിന്റെ കാരണങ്ങൾ നമ്മിൽത്തന്നെയാണുള്ളത്. യുദ്ധമുണ്ടായാൽ അതിനെ നേരിടാനുള്ള പോംവഴികളും. നമ്മിൽനിന്ന് വേറിട്ട് ഒന്നുംതന്നെയില്ല.

ഉള്ളിലുള്ള സമന്വയാവസ്ഥ തെറ്റിയാൽ ദ്വന്ദ്വങ്ങൾ പരസ്പരവിരുദ്ധങ്ങളായിത്തീർന്ന് ഏറ്റുമുട്ടലുകളുണ്ടാകും. ഒന്നു മറ്റൊന്നിനുമേൽ ആധിപത്യത്തിനു ശ്രമിക്കും. ഈ യുദ്ധം നമ്മുടെയുള്ളിൽ എന്നും നടക്കുന്നു. ഇതിന്റെ ബൃഹത്തായ രൂപമാണ് പുറത്ത് കാണപ്പെടുന്നത്. പുറത്തുണ്ടാകുന്ന കാര്യങ്ങൾ നാം ശ്രദ്ധിക്കുന്നു. അകത്തുണ്ടാകുന്നത് നാം ശ്രദ്ധിക്കുന്നില്ല. ശത്രുവും മിത്രവും നമ്മുടെ ഉള്ളിൽത്തന്നെയാണുള്ളത്. ശത്രു അഹംബുദ്ധിയുടെ കൂടപ്പിറപ്പുകളായ കാമക്രോധാദികളാണ്. മിത്രം നമ്മിലെ സ്വത്വവും. അഹംബുദ്ധി നമ്മിൽനിന്ന് വേറിട്ട ഒന്നല്ല. സ്വന്തം കൂടപ്പിറപ്പാണ്. അതിനെ

ഹനിക്കുന്നത് പാപമാണ്. ഹനിക്കാതിരുന്നാൽ അതു സ്വത്വത്തെ കീഴ്പ്പെടുത്തും. ധർമ്മനാശം ഉണ്ടാകും. ഗീതയിലെ അർജ്ജുനവിഷാദയോഗം എന്ന അദ്ധ്യായത്തിൽ അർജ്ജുനന്റെ ഉള്ളിൽ നടക്കുന്നത് ഇത്തരത്തിലുള്ള ഒരു പോരാട്ടമാണ്. ധർമ്മം നിലനിർത്തണമെങ്കിൽ നമ്മിലെ സ്വത്വത്തെ തിരിച്ചറിയണം. അധമവികാരങ്ങളെ കീഴ്പ്പെടുത്തണം. അതിനെ കീഴ്പ്പെടുത്തിയാൽ നൈമാനുഷികാനന്ദം നൽകുന്ന ഇന്ദ്രിയസുഖങ്ങൾ നഷ്ടപ്പെടും. അതു നഷ്ടപ്പെട്ടാൽ ഈ ഐഹിക ജീവിതത്തിൽ അതിനേക്കാൾ ആനന്ദം നൽകുന്ന മറ്റൊന്ന് വേറെന്താണുള്ളത്? ദേഹാഭിമാനിയായ ഒരാളെ സംബന്ധിച്ചിടത്തോളം അതിനെ കൈവിടുക അത്ര എളുപ്പമല്ല. അതിന്റെ ബന്ധനം അത്രയ്ക്കു വലുതാണ്. മനസ്സ് അധമവികാരങ്ങൾക്ക് അടിമപ്പെട്ടുപോയാൽ ഇന്ദ്രിയസുഖഭോഗങ്ങളിൽ മുഴുകി, തെറ്റും ശരിയും ധർമ്മവും അധർമ്മവും വേർതിരിച്ചറിയാൻ കഴിയാതെ, സ്വന്തം കർത്തവ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ ഒരാൾ അശക്തനായിത്തീരും. നിഷ്ക്രിയനാകും. അങ്ങനെയുള്ള ഒരാളെ ഈ അടിമത്തത്തിൽനിന്ന് മോചിപ്പിച്ച് സ്വന്തം കർത്തവ്യം നിറവേറ്റുന്ന കാര്യത്തിൽ എങ്ങനെ കർമ്മോത്സുകനാക്കി മാറ്റാം എന്നാണ് ഗീത പഠിപ്പിക്കുന്നത്. ഒരർത്ഥത്തിൽ പറഞ്ഞാൽ നമ്മുടെ ഇന്നത്തെ മതരാഷ്ട്രീയനേതാക്കളും ഇങ്ങനെയൊരു ചുറ്റുപാടിലാണിന്ന്.

നൈമിഷികാനന്ദം നൽകുന്ന ഇന്ദ്രിയസുഖങ്ങൾ ശാശ്വതമല്ല. അത് സുഖത്തേക്കാളേറെ ദുഃഖമാണ് ഉണ്ടാക്കുക. എന്നുവച്ച് അത് ഉപേക്ഷിക്കുവാനും വയ്യ. നിലനിർത്തുവാനും വയ്യ. ഉപേക്ഷിക്കണമെങ്കിൽ അധമവികാരങ്ങളെ കൈവിടണം. നിലനിർത്തണമെങ്കിൽ അവയെ പുണരണം. ഒന്നിലും ഉറച്ചുനിൽക്കുവാൻ കഴിയാത്ത അവസ്ഥ. ദേഹാഭിമാനിയായ ഒരാളെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു ചിന്ത അർത്ഥവത്താണ്. അധർമ്മങ്ങളോടു പൊരുതി എന്തിന് ഉള്ള സുഖങ്ങൾ നഷ്ടപ്പെടുത്തണം? അതിനേക്കാൾ നല്ലത് അധർമ്മങ്ങളോടു പൊരുത്തപ്പെട്ടു പോകുന്നതല്ലേ? ഇന്നത്തെ മത-രാഷ്ട്രീയനേതാക്കൾ ചിന്തിക്കുന്നത് ഈ വഴിക്കാണ്. സ്വന്തം സുഖങ്ങൾ ത്യജിച്ചുകൊണ്ട് സമൂഹത്തിനും രാഷ്ട്രത്തിനും ലോകത്തിനും വേണ്ടി പ്രവർത്തിച്ചിട്ട് എന്തു കിട്ടാനാണ്? ത്യാഗത്തിനേക്കാൾ ഭോഗത്തിനു പ്രാധാന്യം കല്പിക്കുന്ന ഇന്നത്തെ സാമൂഹികവ്യവസ്ഥിതിയിൽ സ്വന്തം സുഖതാല്പര്യങ്ങൾ സംരക്ഷിച്ചു നിലനിർത്തിക്കൊണ്ടുപോകുവാൻവേണ്ടി അവർ അധർമ്മങ്ങളെ പുണരുന്നു. അധാർമ്മികശക്തികളുമായി കൈകോർത്ത് പോകുന്നു. സ്വന്തം കർത്തവ്യങ്ങളിൽനിന്ന് ഒളിച്ചോടുന്നു.

ജനനീ നവരത്നമഞ്ജരി:
വ്യാഖ്യാനം



സ്വാമി സുധി

# മാതൃത്വത്തിന്റെ മാധുര്യം



ദൈവത്തെ നമ്മൾ ഭയപ്പെടുന്നുണ്ടെങ്കിൽ ആ ദൈവം ശരിയായിട്ടുള്ള ദൈവമല്ല. ദൈവം മാതൃത്വത്തിന്റെ പൂർണ്ണതയാണെങ്കിൽ നമ്മുടെ ഉള്ളിൽ അതൊരിക്കലും ഭയം ജനിപ്പിക്കുകയില്ല. എന്നാൽ ക്രിസ്തുമതത്തിൽ ഏറ്റവും ഭക്തനായിരിക്കുന്ന ഒരാൾ ദൈവത്തെ ഭയക്കുന്നവനായിരിക്കണം എന്നു പറയാറുണ്ട്. ഇസ്ലാം മതത്തിലും അങ്ങനെതന്നെയാണ്. അള്ളാഹു കാരുണ്യവാനും ദയാപരനുമായിരിക്കുമ്പോഴും ഒരു ഭയം വിശ്വാസികൾക്കുള്ളിലുണ്ട്. ഹിന്ദു മതത്തിലും പലയിടങ്ങളിലും അങ്ങനെയൊക്കെ കാണുന്നുണ്ട്. എന്നാൽ അദ്വൈതവേദാന്തത്തിൽ കുറേക്കൂടി വ്യക്തതയുള്ള ആത്മാനുഭവത്തെക്കുറിച്ചു പറയുമ്പോൾ നിർഭയത്വമാണ് ബ്രഹ്മം എന്നു പറയുന്നു. അഭയം വൈ ബ്രഹ്മ – ഭയമില്ലാത്ത അവസ്ഥയാണ് ബ്രഹ്മം. എവിടെ ഭയം ഉണ്ടോ അവിടെ ദൈവം ഇല്ല.

എന്തുകൊണ്ടാണു ക്രിസ്തുമതത്തിൽ ദൈവത്തെ പേടിക്കണം എന്നു പറയാൻ കാരണം? അവിടെ ദൈവം അച്ഛനാണ്. ഒരു പിതാവിന്റെ സ്ഥാനമാണ് ദൈവത്തിനു കൊടുത്തിരിക്കുന്നത്. അച്ഛന്മാരെ നമുക്കു പലപ്പോഴും ഭയമാണ്. അച്ഛനെ നമ്മൾ ഭയപ്പെടുന്നതുകൊണ്ട്

ദൈവത്തെയും ഭയപ്പെടുന്നു. അച്ഛന്റെ കാർക്കശ്യം ദൈവത്തിന്റെയും കാർക്കശ്യമായിത്തീരുന്നു. അതുകൊണ്ട് ദൈവത്തെ അമ്മയായി കാണുന്ന താണ് അഹന്തയെ നിർമൂലമാക്കാ നായി ഏറ്റവും നല്ല ഉപായം. ഒരച്ഛന്റെ മുമ്പിൽ നമ്മുടെ അഹന്തയെ നാം കളയുകയില്ല. എന്നാൽ അമ്മയുടെ മുമ്പിൽ അഹന്തയെ അടിയറ വയ്ക്കാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാവില്ല. അതുകൊണ്ട് ദൈവത്തിന് മാതൃ ത്വത്തെ കല്പിക്കുന്നത് അഹന്തയുടെ ശോഷണത്തിന് വളരെ ഉപകരിക്കുന്ന ഒരു രീതിയാണ്. ഭാരതത്തിലാണ് ആ രീതി കൂടുതൽ കണ്ടു വരുന്നത്. ചൈനക്കാരുടെ താവോ മാതൃത്വ ത്തിന്റെ പൂർണ്ണതയാണ്. താവോയി ലേക്ക് നമ്മൾ അലിഞ്ഞുചേരുക യാണ്. താവോ അമ്മയാണ്. താവോ അച്ഛനല്ല. താവോ ആകാശത്തി ന്റേയും ഭൂമിയുടേയും മാതാവാണ്. അനന്തമായ ജീവരാശികളുടെ ജനനിയാണ്. ഉപനിഷത്തും ഇക്കാര്യം സമർത്ഥിക്കുന്നു:

"യതോ വാ ഇമാനി ഭൂതാനി ജായന്തേ, യേന ജാതാനി ജീവന്തി, യത്പ്രയന്ത്യഭിസംവിശന്തി."

ഏതൊന്നിൽനിന്നു ഈ ഭൂതജാല ങ്ങളൊക്കെ ഉണ്ടാകുന്നുവോ ഏതൊ ന്നിൽ ഇതെല്ലാം നിലനിൽക്കുന്നുവോ ഏതൊന്നിലേക്കു തിരിച്ചു ലയിക്കു ന്നുവോ ആ ഒന്നിനെ നീ അറിയണം. ഇതാണ് ഉപനിഷത്തിന്റെ പ്രഖ്യാ പനം. ഇതിനർത്ഥം ജഗദംബയെ അറിയണം, മാതൃത്വത്തെ അറിയണം, ആത്മാവിനെ അറിയണം എന്നാണ്. സാധാരണ ജീവിതത്തിൽ ഇത്രയും വിശാലമായ മാതൃത്വത്തിന്റെ കാഴ്ചപ്പാട് നമുക്കു കിട്ടാനിടയില്ല. ഇപ്പോൾ അമ്മമാർ കുട്ടികളെ പ്രസവിക്കുന്നതുപോലും വളരെ ഭാരമുള്ള ഒരു തൊഴിലായി കരുതിത്തുടങ്ങി. എത്രയോ സ്ത്രീ കൾ വിവാഹത്തിനുശേഷം പ്രസവി ക്കാൻ വൈമുഖ്യം കാണിക്കുന്നു. പ്രസവിക്കുന്നതുതന്നെ തന്റെ ശാരീ രിക സൗന്ദര്യത്തിനു ക്ഷതം വരുത്തു മെന്നുള്ള പേടികൊണ്ട് സ്വാഭാവി കമായ പ്രസവത്തെ നിരസിച്ച് സിസേ റിയൻ നടത്തി കുട്ടിയെ പുറത്തെ ടുക്കും. മാതൃത്വത്തേക്കാൾ ശാരീരി കമായ സൗന്ദര്യമാണു തനിക്ക് പ്രാധാന്യമെന്നു വരുന്ന സാമൂഹിക സാംസ്കാരിക അന്തരീക്ഷത്തിൽ ജീവിക്കുന്ന ഒരു സ്ത്രീയിൽ മാതൃത്വത്തിന്റെ ശോഷണം വളരെ ദ്രുതഗതിയിൽ സംഭവിച്ചുകൊണ്ടിരി ക്കുകയാണ്. മാത്രമല്ല, ഒരു കുഞ്ഞിനെ പ്രസവിച്ചു കഴിഞ്ഞാൽ ആ കുഞ്ഞിൽ പൂർണ്ണമായി അർപ്പിച്ചു ജീവിക്കാൻ കഴിയുന്ന ഒരമ്മ ഇന്നില്ല.

ആ കുഞ്ഞിനു അമ്മ പാലു കൊടുക്കുമോ? കൊടുക്കില്ല. സ്തന്യം കൊടുത്താൽ എന്താണു സംഭവി ക്കുക? സ്തന്യം കൊടുത്താൽ സ്തനങ്ങളുടെ ആകാരസുഷമ നഷ്ടപ്പെടുമെന്ന് അവർ ഭയക്കുന്നു. സ്ത്രീ സ്വയം വിചാരിക്കുന്നത് തന്റെ ശാരീരികസൗന്ദര്യമാണ് പുരുഷന്റെ ആകർഷണത്തിന് നിദാനം എന്നാണ്. ഇക്കാരണത്താൽ തന്നിലെ മാതൃ ത്വത്തെ മാറ്റിനിർത്തി ശാരീരിക സൗന്ദര്യത്തെ നിലനിർത്തുവാനും ശാശ്വതീ കരിക്കുവാനും ശ്രമിക്കുന്ന

കപടമായ സാമൂഹിക അന്തരീക്ഷ ത്തിലാണ് ഇപ്പോൾ നാം ജീവിക്കു ന്നത്. അതുകൊണ്ട് ജനനീ നവരത്നമഞ്ജരി എടുക്കുമ്പോൾ മാതൃത്വം ഓരോരു ത്തരുടെ ഉള്ളിലും വികസിപ്പിച്ചെടുക്കേണ്ടുന്ന സർവ്വ സ്വീകാര്യതയുടെ, പൂർണ്ണാർപ്പണ ത്തിന്റെ ഒരു വിശാല ഭൂമികയായി മാറണം. അതൊരു കുഞ്ഞിനെ പ്രസവിച്ചാൽ മാത്രം ഉണ്ടാകുന്നതല്ല. പത്തു പെറ്റാലും സംഭവിക്കുന്നതല്ല. ഇതാണ് ഗുരു പറഞ്ഞുതരുന്ന ഒന്നായ മാമതി.

മതി എന്ന വാക്കിന് ഒരുപാടു അർത്ഥങ്ങളുണ്ട്. മതി എന്നു നമ്മൾ പറയാറുണ്ട്. അമ്മ ചോറിട്ടുതരുമ്പോൾ നമ്മൾ മതി, മതി എന്നു പറയും. ഇത് ആ മതിയല്ല. ഇനി വേറൊരു മതിയുണ്ട്; പനിമതി–ചന്ദ്രക്കല. ഇവിടത്തെ മതി ബോധമാണ്. ഈ ബോധാംബ യെത്തന്നെയാണ് എല്ലാവരും തിരയു ന്നത്. യേശു ശിഷ്യന്മാരോടു പറഞ്ഞു: "അന്വേഷിക്കുവിൻ കണ്ടെത്തും." അന്വേഷിക്കാതെ ഒന്നുംതന്നെ കിട്ടുകയില്ല. ഒരുദിവസം എനിക്ക് ആത്മജ്ഞാനം ഉണ്ടാകും എന്നു കരുതി ചുമ്മാ ഇരുന്നാലോ? ചുമ്മായി രുന്നാൽ നമ്മൾ ഇരിക്കുന്ന പ്രതല ത്തിന്റെ അടിയിൽ പുല്ലു മുളയ്ക്കും എന്നല്ലാതെ വേറെ ഒന്നും സംഭവി ക്കുകയില്ല.

എല്ലാ മനുഷ്യരും ജീവിതത്തിൽ എന്തൊക്കെയോ അന്വേഷിക്കുന്നുണ്ട്. പലർക്കും അവർ അന്വേഷിക്കുന്ന തിനെക്കുറിച്ച് വ്യക്തമായ ധാരണ കൾ ഒന്നുംതന്നെയില്ല. ആദ്യം കണ്ണിൽപ്പെടുന്ന പ്രിയവസ്തുവിനെ അല്ലെങ്കിൽ പ്രിയവ്യക്തിയെ ഒരുവൻ സ്വന്തമാക്കി അനുഭവിക്കാൻ ആഗ്രഹി ക്കുന്നു. കുറച്ചുനാൾ കഴിയുമ്പോൾ ആ അനുഭവം അവനു വിരസ മായിത്തീരുന്നു. വിരസതയും മടുപ്പും



വെറുപ്പും വർദ്ധിക്കുമ്പോൾ കുറ ച്ചുകൂടി രസമുള്ള ഒന്നിനെ അവൻ തിരയുന്നു. അതു പണത്തിലേക്കും പദവിയിലേക്കും അംഗീകാരത്തി ലേക്കും സൗന്ദര്യത്തിലേക്കും രതിയി ലേക്കും വ്യാപിക്കുന്നു. ഇതാണ് ജീവന്റെ പ്രയാണഗതി. ഈ രസാന്വേ ഷണത്തിന് എന്നെങ്കിലും ഒരന്ത്യം ഉണ്ടായിരിക്കുമോ?

സാധാരണ ജീവിതവീക്ഷണ ത്തിലൂടെ നോക്കുകയാണെങ്കിൽ, ഈ രസങ്ങൾ മാറിമാറി വന്നു കൊണ്ടിരിക്കുന്നതേയുള്ളൂ. ഇതിനൊ രന്ത്യം കാണുന്നില്ല. അതുകൊണ്ട് വേറെയൊരു സരണിയിലൂടെ,

വേറെയൊരു വീക്ഷണത്തിലൂടെ രസങ്ങൾക്കെല്ലാം ഒരു പൂർത്തീകരണം സംഭവിക്കുന്ന തരത്തിൽ നമുക്ക് ഒരന്വേഷണം നടത്തുന്നത് ഉചിതമായിരിക്കും. ആരും സാധാരണ ഗതിയിൽ അത്തരത്തിൽ ചിന്തിക്കാറില്ല. ജീവിതസുഖം എന്നെങ്കിലും പൂർണ്ണതയോടെ അനുഭവിക്കാൻ കഴിയുമോ? ഏതെങ്കിലും ഒരു സുഖം അനുഭവിക്കുമ്പോൾ ഇനി ഒന്നും അനുഭവിക്കേണ്ടതില്ല എന്നു തോന്നുന്ന ഒരനുഭവം ഉണ്ടാകുമോ? ഉണ്ടാകുമെങ്കിൽ അതിനുള്ള വഴി എന്താണ്?

അന്വേഷണം ഏതു ദിശയിലാണോ അതിനനുസൃതമായാണ് വഴി രൂപപ്പെട്ടു വരിക. അതുകൊണ്ട് പൂർണ്ണാനുഭവത്തിലേക്കുള്ള വഴി നിലവിലുള്ള നമ്മുടെ കാഴ്ചപ്പാടിലൂടെ കണ്ടെത്താവുന്നതല്ല. പ്രത്യേകിച്ചും ഇപ്പോഴത്തെ വിദ്യാഭ്യാസത്തിലൂടെ നമുക്കതു കിട്ടുകയില്ല. ആധുനിക ശാസ്ത്രത്തിന്റെ വഴിയിലൂടെ അന്വേഷി ച്ചാലും കിട്ടുകയില്ല. പുസ്തകങ്ങൾ വായിച്ചു നേടാമെന്നു വിചാരിച്ചാലും അതു കുറെയൊക്കെ വിവരങ്ങൾ (information) മാത്രമേ തരികയുള്ളൂ.

പിന്നെ എന്താണ് ഇങ്ങനെയൊരു ആനന്ദത്തിന്റെ പൂർണ്ണത കൈവരിക്കാനുള്ള ഉപായം? ആ വഴി ഗുരുവിന്റെ വഴിയാണ്. അതിനായി ഒരു ഗുരുവിന്റെ പാതയിലൂടെ സഞ്ചരിക്കേണ്ടി വരും. ഹൃദയത്തിൽനിന്നും ഉണർന്നു വരുന്ന വാക്കുകൾകൊണ്ടാണ് ഒരു സത്യജിജ്ഞാസുവിനു ഗുരു തന്റെ ഉള്ളിൽ നിറഞ്ഞിരിക്കുന്ന ആനന്ദത്തെ പകർന്നുകൊടുക്കുന്നത്. അതു കവിതയായി വരുന്നു. അതു മനോജ്ഞമായ കാവ്യബിംബങ്ങളിലൂടെ ആവിഷ്കരിക്കപ്പെടുന്നു. അതു കേൾക്കുന്ന മാത്രയിൽ ശ്രദ്ധാലുക്കളുടെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന ആത്മാവിന്റെ വിജൃംഭണം ഉണ്ടാകുന്നു. അതു തെളിമയുള്ള ജലം പായലിനെ ഭേദിച്ചു ദൃശ്യമാകുന്നതുപോലെ, പരമാനന്ദാനുഭൂതിരസപ്രവാഹമായി ബഹിർഗമിക്കുന്നു. ഇതാണ് ഓരോ ഗുരുവിന്റേയും വാണികളെ ശ്രദ്ധയോടെ ഹൃദയത്തിൽ ഒപ്പിയെടുക്കുമ്പോൾ നമ്മിൽ സംഭവിക്കുന്ന പരിവർത്തനം.

ശ്രീനാരായണഗുരു അങ്ങനെയുള്ള പൂർണ്ണപ്രജ്ഞനായ ഒരു ഗുരുവായിരുന്നു. ഗുരുവിന്റെ അനേകം കൃതികളിൽ വളരെ വിശിഷ്ടമായ ഒരു കൃതിയാണ് ജനനീ നവരത്നമഞ്ജരി. ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിലേക്കു മാറ്റി നിർത്തി ഇത് ഇന്നതരത്തിലുള്ള കൃതിയാണെന്നു സ്പഷ്ടമായി പറയുവാൻ കഴിയുകയില്ല. സാധാരണ ഗതിയിൽ വിഭജനം നടത്തുന്നത് സ്തോത്രകൃതിയെന്നോ പ്രബോധനാത്മകകൃതി എന്നോ ദാർശനികകൃതിയെന്നോ ഒക്കെയാണ്. എന്നാൽ ജനനീ നവരത്നമഞ്ജരി അങ്ങനെയൊന്നും പ്രത്യേകിച്ചു വിഭജിച്ചു പറയാൻ കഴിയാത്ത ഒരു കൃതിയാണ്. ഇതിൽ ജ്ഞാനമുണ്ട്, ഭക്തിയുണ്ട്, കർമ്മമുണ്ട്, യോഗമുണ്ട്, തന്ത്രമുണ്ട്, നാദലയമുണ്ട്. എല്ലാം ഈ കൃതിയിൽ

അന്തർലീനമായി രിക്കുന്നു.



വിശ്വജനനി എന്നു പറയുമ്പോൾ ഏതു തരത്തിലുള്ള അർത്ഥമാണ് നമ്മുടെ ഉള്ളിൽ സ്ഫുരിക്കുന്നത്? പ്രപഞ്ചത്തിലുള്ള എല്ലാ വസ്തുക്കൾക്കും ഒരു കാരണം വേണമല്ലോ? അങ്ങനെയാണ് മനുഷ്യ മനസ്സ് ചിന്തിക്കുന്നത്. മനുഷ്യമനസ്സിന് ഏതൊന്നിനെ കണ്ടാലും അതിന്റെ കാരണം എന്താണെന്നറിയണം. കാരണം അറിഞ്ഞില്ലെങ്കിൽ അവൻ അസ്വസ്ഥനാകും. അല്ലെങ്കിൽ കാരണം അറിയുന്നതുവരെ അവൻ അന്വേഷിച്ചുകൊണ്ടിരിക്കും. അന്വേഷണത്തിന്റെ തുടക്കം സംശയത്തിൽ നിന്നാണ്. സംശയമില്ലെങ്കിൽ അന്വേഷണം ഇല്ല. പ്രത്യേകിച്ചും മനുഷ്യരിൽ സംശയം വളരെ ആഴത്തിൽതന്നെ വേരൂന്നി കിടക്കുന്നുണ്ട്.

ഒരു കുഞ്ഞ് ജനിക്കുന്നതുതന്നെ സംശയത്തോടുകൂടിയാണ്. അവന്റെ മുമ്പിൽ കാണുന്ന ലോകത്തെ അവൻ സംശയിക്കുന്നു. ആ സംശയത്തിൽനിന്ന് അവൻ ആ ലോകത്തെ അറിയാൻ ആഗ്രഹി ക്കുന്നു. കാണുന്ന വസ്തുക്കളെ യെല്ലാം അവൻ ചോദ്യം ചെയ്തു കൊണ്ടിരിക്കുന്നു. അച്ഛനിൽനിന്നും അമ്മയിൽനിന്നും അദ്ധ്യാപകരിൽനിന്നും കൂട്ടുകാരിൽ നിന്നുമൊക്കെ അവൻ ഓരോന്നിനെക്കുറിച്ചും അന്വേഷിച്ചറിഞ്ഞു കൊണ്ടിരിക്കുന്നു. അവന്റെ കണ്ടെത്തലുകൾ അവനു പൂർണ്ണത നൽകാതിരിക്കുമ്പോൾ വീണ്ടും അവൻ അറിയുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള ഈ അന്വേഷണം എല്ലാ മനുഷ്യരിലും കാണുന്നുണ്ട്. മനുഷ്യരിൽ മാത്രമല്ല ജീവജാലങ്ങളിലും കാണുന്നുണ്ട്. ജീവജാലങ്ങളിൽ അതു പ്രകടമാകുന്നത് സുഖങ്ങൾ അന്വേഷിക്കുന്ന രീതിയിലാണ്. ഒരു ജീവിക്കും അസുഖകരമായിരിക്കുന്ന അന്തരീക്ഷത്തിൽ ജീവിക്കാൻ കഴിയുകയില്ല. സുഖകരമായിരിക്കുന്ന അന്തരീക്ഷത്തിലേയ്ക്ക് അതു പൊയ്ക്കൊണ്ടിരിക്കുന്നതു കാണാം. ഒരു ചെടി വെയിൽ ഇല്ലാത്തിടത്താണു നില്ക്കുന്നതെങ്കിൽ സൂര്യന്റെ വെളിച്ചം എവിടെയുണ്ടോ അവിടേക്ക് അത് ഇലകളെ നീട്ടിനീട്ടി വെളിച്ചത്തെ എത്തിപ്പിടിക്കുവാൻ ശ്രമിക്കുന്നു. ചെടിക്കു വെളിച്ചത്തിനോടുള്ള

അഭിവാഞ്ഛ സുഖത്തിനോടുള്ള കാംക്ഷയായിട്ടു മനസ്സിലാക്കണം. ദേശാടനപ്പക്ഷികൾ കാലാവസ്ഥാ ഭേദമനുസരിച്ച് ദേശാടനം നടത്തിക്കൊണ്ടിരിക്കുന്നു. അതും സുഖാന്വേഷണത്തിന്റെ ഭാഗമാണ്.

ഏത് ജീവിക്കും സുഖത്തിലേക്കുള്ള ആകർഷണമുണ്ട്. മനുഷ്യനും സുഖത്തിനു വേണ്ടിയുള്ള ത്വരയുണ്ട്. മനുഷ്യന്റെ തലത്തിലേക്കു വരുമ്പോൾ അത് അറിവിന്റെ മണ്ഡലത്തിലുള്ള അന്വേഷണമായിത്തീരുന്നു. മനുഷ്യന്റെ ഈ അന്വേഷണത്തിൽനിന്നാണ് ശാസ്ത്രസാങ്കേതികത ഇന്നു ബൃഹത്തായ തരത്തിലുള്ള വികസനമായി മാറിക്കൊണ്ടിരിക്കുന്നത്. പ്രകൃതി മനുഷ്യനു കനിഞ്ഞുതന്നിട്ടുള്ള വസ്തുക്കളൊന്നും അവനു മതിയാകാതെ വരുമ്പോൾ പ്രകൃതിയെ ഒന്നുകൂടി കശക്കിയെടുത്ത് തനിക്കനുഗുണമായ രീതിയിൽ ഉപയോഗിക്കാൻ ശ്രമിക്കുന്നതിനെയാണ് ശാസ്ത്രം എന്നു പറയുന്നത്. പ്രകൃതി അവനു കൊടുത്തിട്ടുള്ള കാലുകൊണ്ട് നടക്കുന്നതിനേക്കാൾ കൂടുതൽ നടക്കാൻ ആഗ്രഹം വരുമ്പോൾ ആ കാലിനു പകരം വയ്ക്കാൻ അവൻ കണ്ടെത്തുന്നതാണ് കാളവണ്ടി. ആ കാളവണ്ടിയുടെ വികസിതരൂപമാണ് കാർ. കാറിന്റെ കുറച്ചുകൂടി വികസിതമായ രൂപമാണ് കപ്പലും വിമാനവുമൊക്കെ.

അങ്ങനെ നോക്കുമ്പോൾ പ്രകൃതി നമുക്ക് എന്ത് തന്നിട്ടുണ്ടോ അതിനെ ഒന്നു വികസിപ്പിയ്ക്കുന്നതാണ് ശാസ്ത്രം. എന്നിട്ടും ഈ ശാസ്ത്രത്തിന്റെ അന്വേഷണത്തിൽ മനുഷ്യൻ സംതൃപ്തനല്ല. കൈകൊണ്ട് എടുക്കാനും കൊടുക്കാനും കഴിയുന്നതു പോരാതെ വരുമ്പോൾ അവൻ കൈയുടെ ധർമ്മം നിർവഹിക്കുന്ന മെഷിനറി ഉണ്ടാക്കുന്നു. പിന്നെ മെഷിനറികൊണ്ട് കൈയിന്റെ ധർമ്മം നിർവഹിക്കുന്നു. കൈകൊണ്ട് ഒരു ദിവസം നൂറു സാധനങ്ങൾ എടുത്തു കൊടുക്കാൻ കഴിയുന്നുണ്ടെങ്കിൽ പതിനായിരം സാധനങ്ങൾ എടുത്തു കൊടുക്കാൻ കഴിയുന്ന യന്ത്രം അവൻ നിർമ്മിക്കുന്നു.

ചാർലി ചാപ്ലിന്റെ 'മോഡേൺ ടൈംസ്'എന്ന സിനിമയിൽ യന്ത്രവൽകൃതമായ ലോകത്തിന്റെ ബീഭത്സവും വികൃതവുമായ മുഖം സരസമായി ചിത്രീകരിച്ചിട്ടുണ്ട്. ഭക്ഷണം കഴിക്കാനായി ആധുനിക മനുഷ്യൻ ഒരു യന്ത്രം കണ്ടുപിടിച്ചു. ഭക്ഷണം കഴിക്കാൻ തയ്യാറെടുത്ത ആൾ ഒരു പ്രത്യേക ഇരിപ്പിടത്തിൽ ഇരിക്കുന്നു. ഇരിപ്പിടത്തിൽ ഉപവിഷ്ടനായിക്കഴിഞ്ഞാൽ പിന്നെ അയാൾക്ക് അനങ്ങാൻ കഴിയുകയില്ല. മനുഷ്യന്റെ കൈ ഉപയോഗിക്കാതെതന്നെ യന്ത്രം എല്ലാം നടത്തിക്കൊടുത്തുകൊള്ളും.

പൊടുന്നനെ ഒരു പാത്രത്തിൽ മധുരപലഹാരങ്ങൾ വായയുടെ മുമ്പിൽ വന്നുനിൽക്കുന്നു. ചാർലി ചാപ്ലിനെയാണ് പരീക്ഷണത്തിനു വിധേയമാക്കാൻ പോകുന്നത്. പലഹാരം കണ്ടപ്പോൾ ചാപ്ലിന്റെ വായിൽ വെള്ളമൂറി. അപ്പോൾ യന്ത്രം ഒരു സ്പൂണെടുത്ത് ചാപ്ലിന്റെ വായിലേക്കു പലഹാരങ്ങൾ തള്ളിവച്ചുകൊടുത്തു. യന്ത്രത്തിന്റെ വേഗം അല്പം

കൂടുതലായതുകൊണ്ട് ചാപ്ലിന് ചവയ്ക്കാൻപോലും അവസരം കിട്ടിയില്ല. ഒരു കണക്കിനു വെട്ടിവിഴുങ്ങുകയായിരുന്നു. പാത്രം കാലിയായപ്പോൾ യന്ത്രംതന്നെ ടിഷ്യൂപേപ്പർകൊണ്ട് ചിറി തുടച്ചുകൊടുത്തു. പിന്നെ ഐസ്ക്രീം. ഐസ്ക്രീം കഴിച്ചുകൊണ്ടിരിക്കുമ്പോൾ യന്ത്രം തകരാറിലാകുന്നു. യന്ത്രത്തിന്റെ വേഗം അമിതമായി വർദ്ധിച്ചു. അതു ചാപ്ലിന്റെ മുഖത്തു നിരന്തരമായി പ്രഹരിക്കാൻ തുടങ്ങി. അനങ്ങാൻ വയ്യാത്തവിധം ബന്ധനസ്ഥനായിരുന്ന ചാപ്ലിന്റെ ജീവൻ ഭാഗ്യം കൊണ്ടുമാത്രമാണ് തിരിച്ചുകിട്ടിയത്. അമ്പതുവർഷങ്ങൾക്കുമുമ്പ് യന്ത്രയുഗത്തിന്റെ സംഹാരാത്മകത വെളിപ്പെടുത്തിയ ഈ ചിത്രം ഇന്നും പ്രസക്തമാണ്. എന്നിട്ടും പുരോഗതിയുമായി നാഗരികത മുന്നേറുന്നു.

# അദ്വൈതിയുടെ വിഗ്രഹഭാഷ്യങ്ങൾ

ഗോപി കാഞ്ഞിരമറ്റം

ഒരിക്കൽ ശ്രീനാരായണഗുരു ഒരു ശിഷ്യനുമൊത്തു സഞ്ചരിക്കുകയായിരുന്നു. "ഗുരോ, അദ്വൈതിയായ അങ്ങ് വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കുന്നത് ശരിയാണോ? ജ്ഞാനികൾ ഈശ്വരനെ നിരാകാരനായല്ലേ ആരാധിക്കുന്നത്?" ശിഷ്യൻ ഗുരുവിനോടു ചോദിച്ചു.


ചോദ്യം കേൾക്കാത്തമട്ടിൽ ഗുരു മൗനിയായി നടത്തം തുടർന്നു. പെട്ടെന്ന് ശിഷ്യന്റെ കാലിൽ ഒരു മുള്ളു തറച്ചു. ശിഷ്യൻ അസഹ്യമായ വേദനയോടെ പിടഞ്ഞുകൊണ്ടു പറഞ്ഞു: "ഗുരോ, എന്റെ കാലിൽ ഒരു മുള്ളു തറച്ചിരിക്കുന്നു. എനിക്കു നടക്കാൻ വയ്യ." "ഓഹോ, മുള്ളു തറച്ചുവല്ലേ? വേദം വേദനയിലൂടെയാകട്ടെ." തൊട്ടരികിലുള്ള മുള്ളുമരത്തിൽനിന്നും ഒരു മുള്ള് അടർത്തിയെടുത്ത് ഗുരു ശിഷ്യന്റെ കാലിലെ തറഞ്ഞു കയറിയ മുള്ളെടുത്തു. "ഇതാ, ഇതാണ് തറഞ്ഞുകയറിയ മുള്ള്." ഗുരു, ശിഷ്യന്റെ കൈയ്യിലേക്ക് രണ്ടു മുള്ളുകളും കൊടുത്തു.

ഗുരു നടത്തം തുടർന്നു. കുറേ കഴിഞ്ഞപ്പോൾ ഗുരു ചോദിച്ചു : "രണ്ടു മുള്ളും കൈയ്യിലുണ്ടല്ലോ?" "ഇല്ല ഗുരോ, ഞാനതു കളഞ്ഞു." അപ്പോൾ ഗുരു അർത്ഥഗർഭമായി ചിരിച്ചു. "ആദ്യം അജ്ഞാനം, പിന്നെ ജ്ഞാനം. അദ്വൈതഭാവത്തിലെത്തുന്നതിന് ഈശ്വരനെ വിഗ്രഹമായി ആരാധിക്കുന്നതിൽ തെറ്റില്ല. ഉള്ളംകാലിൽ മുള്ളു തറച്ചാൽ അതെടുത്തുകളയുന്നതിന് മറ്റൊരു മുള്ള് ഉപയോഗിക്കുന്നു. തറച്ച മുള്ള് എടുത്തുകളഞ്ഞാൽ രണ്ടും കൂടി ദൂരെ കളയുന്നു. പരമപഥത്തിലെത്തിയാൽപിന്നെ ഈശ്വരന്റെ രൂപമെവിടെ?"

**ഡോ. ലാംബർട്ട് കിഷോർ**
റീഡർ, ജന്തുശാസ്ത്ര വിഭാഗം,
മലബാർ ക്രിസ്ത്യൻ കോളേജ്



# മദ്യാസക്തി എന്ന രോഗം



**ഭൂ**മുഖത്ത് ആവിർഭവിച്ച കാലംമുതൽക്കേ മനുഷ്യർക്ക് ആസക്തിയുണ്ടായിരുന്നു. മനുഷ്യൻ ബയോക്കെമിക്കൽ തന്മാത്രകളുടെ പരിണാമംമൂലം ആവിർഭവിച്ചതാണെന്നു ശാസ്ത്രം തെളിയിക്കുന്നു - (Oparin and Haldane 1929). അതുകൊണ്ടുതന്നെയാവാം മനുഷ്യൻ വളരെ പെട്ടെന്നുതന്നെ ആസക്തി നൽകുന്ന ബയോകെമിക്കലിനോട് വിധേയരായിപ്പോകുന്നത്. പുരാണങ്ങളിലൂടേയും ഇതിഹാസങ്ങളിലൂടേയും നമ്മൾ കടന്നുപോകുമ്പോൾ പല പുണ്യവ്യക്തികൾപോലും മദ്യത്തിലും ചൂതുകളിയിലും സ്ത്രീയിലും ധനത്തിലും ആസക്തരായിക്കാണുന്നു. ഈ ആസക്തി എന്ന പ്രതിഭാസം എല്ലാ ജീവജാലങ്ങളിലും ഉണ്ടെന്ന് വ്യക്തമായി തെളിയിക്കപ്പെട്ടിരിക്കുന്നു. ജീവജാലങ്ങൾ ഈ വിധേയത്വം ആസ്വദിക്കാനായി പ്രകൃതിയോട് സ്വയം വ്യതിയാനങ്ങൾക്ക് വിധേയമായിത്തന്നെ തന്നെതന്നെ പരിണാമപ്പെടുത്തി ജീവിക്കുന്നതു കാണാം എന്നു ചാൾസ് ഡാർവിൻ പറയുന്നു. ഇവയെല്ലാം ഈ ജീവികളുടെ നിലനിൽപ്പിന്റെ സമര

ത്തിന്റെ ഭാഗമായി കാണാവുന്നതാണ്. പക്ഷേ, ജീവജാലങ്ങളിൽ ശ്രേഷ്ഠനായ മനുഷ്യൻ ഈ ആസക്തി തന്റെതന്നെ ദോഷത്തിനും മറ്റുള്ളവരുടെ വെറുപ്പിനും നിന്ദയ്ക്കും കാരണമായ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നു.

ആസക്തിയെ പലതരത്തിലായി വർഗ്ഗീകരിക്കാൻ കഴിയാവുന്നതാണ്, മദ്യാസക്തി (alcoholism) , മയക്കുമരുന്നിനു വിധേയത്വം (narcotism), മാനസികവിധേയത്വം (psychosism) എന്നിവ ചിലതു മാത്രം. ഇവയിൽ ഇന്നു നമ്മുടെ സമൂഹത്തെ ഏറ്റവും കൂടുതൽ കാർന്നുതിന്നുന്ന മദ്യാസക്തിയെ പ്പറ്റി മാത്രം ചില കാര്യങ്ങൾ ചിന്തിക്കാവുന്നതാണ്.

മദ്യപന്മാരെ വളരെ ചീത്ത ആളുകൾ എന്നു കരുതി, പാപികളുടേയും ദുർവൃത്തന്മാരുടേയും കൂട്ടത്തിൽ തള്ളാനാണ് മിക്കവരും ഉത്സാഹം കാണിക്കുന്നത്. ഇതിൽ മെഡിക്കൽ സയൻസിൽ ജ്ഞാനം ലഭിച്ചവരും പെടുന്നു എന്നുള്ളതാണ് ഒരു സങ്കടാവസ്ഥ. മദ്യാസക്തി എന്ന വാക്കിനെ വിഭജിക്കുമ്പോൾ മദ്യം + ആസക്തി എന്നെഴുതാം. ഒറ്റനോട്ടത്തിൽ ഇതിൽ ഭീകരൻ മദ്യംതന്നെ. പക്ഷേ മദ്യം പരീക്ഷണശാലകളിലും മരുന്നുകടകളിലും സംഭരണികളിൽ സൂക്ഷിക്കുമ്പോൾ തികച്ചും നിരുപദ്രവകാരിയും എന്നാൽ ഉപകാരിയും ആയി കാണുന്നു. മദ്യം കഴിക്കണം എന്ന തോന്നൽ, ഒരിക്കൽ കഴിച്ചാൽ മതിവരാതെ വീണ്ടും വീണ്ടും കഴിക്കണമെന്ന ചിന്ത, തന്റെ ജീവിതം തന്നെ മദ്യത്തിനുവേണ്ടി, മദ്യത്തിന്റെ നിയന്ത്രണത്തിലാണെന്നറിയാതെയായി ജീവിക്കുന്ന ആളിനെയാണ് മദ്യാസക്തൻ എന്നു വിളിക്കുന്നത്.

1919ൽ അമേരിക്കയിൽ പൂർണ്ണമദ്യനിരോധനം കൊണ്ടുവന്നു. എല്ലാ പോർട്ടുകളിലും എയർപോർട്ടുകളിലും മദ്യം രാജ്യത്തിനകത്തു കടന്നുവരാത്ത തരത്തിൽ സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തി. കള്ളവാറ്റുകാർക്ക് വധശിക്ഷ വിധിച്ചു. മദ്യപന്മാരെ ജയിലിലിടച്ചു. 1934 ആയപ്പോഴേക്കും ഈ സംരംഭം പൂർണ്ണ പരാജയമായി മനസ്സിലാക്കുകയും നിയമങ്ങൾ പിൻവലിക്കുകയും ചെയ്കയുണ്ടായി. ഈ കാലയളവിലാണ് അമേരിക്കയിൽ മദ്യപന്മാരുടെ എണ്ണം എക്കാലത്തേക്കാളും കൂടുതൽ വർദ്ധിച്ചത് എന്നു പറയപ്പെടുന്നു. ഈ ക്രമാതീതമായ മദ്യപന്മാരുടെ വളർച്ചയായിരിക്കാം 1936 ജൂൺ പത്താം തീയതി ആൽക്കഹോളിക് അനോണിമസ് എന്ന മദ്യപന്മാരുടെ കൂട്ടായ്മ ഉണ്ടാകാൻ കാരണം.

ഇപ്പോൾ ഉയർന്നുവരുന്ന ഒരു ചിന്ത മദ്യത്തെ നിയന്ത്രിക്കണമോ അതോ ആസക്തിയെ നിയന്ത്രിക്കണമോ എന്നുള്ളതാണ്. എങ്ങനെയെന്നാൽ രോഗലക്ഷണത്തിനാണോ ചികിത്സ നൽകേണ്ടത്, രോഗത്തിനാണോ? മദ്യപിക്കുക എന്നാൽ രോഗലക്ഷണം മാത്രം, മദ്യപിക്കാൻ ഉണ്ടായ ആസക്തിയെ തിരിച്ചറിയലാണ് യഥാർത്ഥ ചികിത്സയായി കണക്കാക്കേണ്ടത്.

മദ്യാസക്തിയെ മനഃശാസ്ത്രജ്ഞന്മാർ ഒരു പേഴ്സണാലിറ്റി ഡിസോർഡർ ആയി കണക്കാക്കുന്നു. മെഡിക്കൽ സയൻസ് ഇതിനെ ഒരു പ്രൊഗ്രസ്സീവ് ഡിസീസ് ആയി കണക്കാക്കുന്നു. സോഷ്യൽ സയൻസ് വിഭാഗം മദ്യാസക്തിയെ പെരുമാറ്റ ദൂഷ്യമായി കണക്കാക്കുന്നു. ആൽക്കഹോളിക് അനോണിമസ് ആൽക്കഹോളിസത്തെ, ശാരീരികമായും മാനസികമായും ആത്മീയമായും രോഗമായി കണക്കാക്കുന്നു. ഒരു മദ്യപന്റെ ജീവിതചക്രം എടുത്തുപരിശോധിച്ചാൽ നമുക്കു കാണാവുന്നത് ഒട്ടു മിക്ക ആളുകളിലും അയാൾ പതിനഞ്ചു വയസ്സുമുതൽ ഇരുപതു വയസ്സുവരെ മദ്യപിച്ചാലും സൗമ്യമായി പെരുമാറുന്നതും ഇടുപെഴുകുന്നതും കാണാം. ഇതിനെ ആൽക്കഹോളിസത്തിന്റെ പ്രാരംഭ ഘട്ടം എന്നു പറയും.

ഇത്തരത്തിൽ തുടരുകയാണെ ങ്കിൽ 20-30 വയസ്സിന്റെ ഇടയിൽ ഒരുവന്റെ സന്തുലനാവസ്ഥ നഷ്ടപ്പെടുന്നതു കാണാം. ഇതിനെ ദ്വിതീയഘട്ടം എന്നു പറയാം. 30-40 വയസ്സിനിടയിൽ കുടി മൂർധന്യാവസ്ഥയിൽ എത്തുകയും ബന്ധങ്ങളും ജോലിയും മറ്റും നഷ്ടപ്പെടുന്നതും കാണാം. ഇതിനെ വിഷമഘട്ടം എന്നു പറയാം. 40 വയസ്സിനുശേഷം തന്നെ ആർക്കും വേണ്ടാതായി എന്ന തോന്നൽ ഒരുവനിൽ കടുത്ത ഏകാന്തത സൃഷ്ടിക്കുന്നു. ക്രമേണ അയാൾ മാനസികവൈകല്യങ്ങൾക്ക് അടിമയായിത്തീരുന്നു. പിന്നീട് തികച്ചും നികൃഷ്ടജീവിയായി പെരുമാറുന്നതും കാണാം. ഈ ഘട്ടത്തെ രോഗഘട്ടം എന്നു പറയാം.

ഗുരു നിത്യചൈതന്യയതി സ്നേഹസംവാദം എന്ന പുസ്തകത്തിൽ 'നീ എന്റെ പ്രിയ സഹോദരൻ' എന്ന ലേഖനത്തിൽ ഇങ്ങനെ പറയുകയുണ്ടായി: "മദ്യപനും മയക്കുമരുന്നിന് അടിമപ്പെട്ടവനും ജീവിതത്തിന്റെ കടുത്ത യാഥാർത്ഥ്യ



ത്തിൽനിന്ന് ഇളവു കിട്ടണം. വിടുതൽ കിട്ടണം. അവനു ദുഃഖത്തിൽനിന്നും മോക്ഷം ലഭിക്കണം. മദ്യപാനികളുടെ മുഖത്ത് തുപ്പരുത്. മയക്കുമരുന്ന് കഴിച്ചവനെ ഇരുട്ടിൽ തള്ളരുത്. അവർക്ക് സ്നേഹം, കാരുണ്യം, സാമീപ്യം ആവശ്യമുണ്ട്. അതു നൽകാനുള്ള ക്ഷമ നമ്മൾ കാണിക്കണം."

1939 ൽ അച്ചടിച്ചു പുറത്തിറങ്ങിയ ആൽക്കഹോളിക് അനോണിമസിന്റെ ബിഗ് ബുക്കിലും പറയുന്നത് ഇങ്ങനെയാണ്: മദ്യാസക്തൻ ഒരു ഭോഷ്കനല്ല (Alcoholic is not a bad

man). മദ്യാസക്തൻ ഒരു ഭ്രാന്തനല്ല (Alcoholic is not a mad man). മദ്യാസക്തൻ ഒരു രോഗിയാകുന്നു (Alcoholic is a sick man.)

1748 ൽ ഡോ. ബഞ്ചമിൻ റൂഷ് (Dr. Benjamin Rush) മദ്യാസക്തൻ ഒരു രോഗിയായിരിക്കാം എന്നു പറഞ്ഞു. 1933ൽ സിൽക്ക് വർത്ത് (Dr. Silk Worth) മദ്യാസക്തൻ ഒരു രോഗിയാണെന്നും അയാൾ മാനസികമായും ശാരീരികമായും മദ്യത്തിന് വിധേയനാണെന്നും ഇയാൾക്ക് ചികിത്സ അത്യാവശ്യമാണെന്നും പറയുന്നു (Big Book 1939). ആർക്കഹോളിക് അനോണിമ സിന്റെ ബിഗ് ബുക്കിൽ മദ്യാസക്തനെ ചികിത്സിക്കേണ്ടതും അതിനുശേഷമുള്ള കൂട്ടായ്മയെക്കുറിച്ചും ഊന്നിപ്പറയുന്നു. 1950)ൽ WHO മദ്യാസക്തി രോഗമാണെന്ന് ഉറപ്പിച്ചു പറയുകയുണ്ടായി.

ഈ മദ്യപനെ എങ്ങനെ രക്ഷിക്കാം? അതിനുമുമ്പ് ഇയാൾ എങ്ങനെ മദ്യപാനിയായി എന്ന് കണ്ടെത്തേണ്ടിയിരിക്കുന്നു. ഇത് തികച്ചും വ്യക്തികളെ അനുസരിച്ച് പലപല കാരണങ്ങളായിട്ടാണ് കാണുന്നത്. എന്നാൽ അവയെല്ലാംകൂടി നമ്മൾക്ക് ഇങ്ങനെ തരംതിരിക്കാം.

1. വ്യക്തിത്വവികാസത്തിലെ ചില വൈകല്യങ്ങൾ.
2. കുടുംബപശ്ചാത്തലത്തിലെ അസംതുലനാവസ്ഥ.
3. വൈകാരികമായ അസന്തുലനാവസ്ഥ.
4. ശാരീരികമായ ചില കാരണങ്ങൾ
5. ആത്മീയമായ അടിത്തറയില്ലായ്മ

എന്നിങ്ങനെ നീളുന്നു കാരണങ്ങൾ.

മദ്യപന് ആവശ്യമായ സ്നേഹം, കരുണ, നിങ്ങളുടെ സമയം എന്നിവ നൽകുക. ഉപദേശം നൽകാതിരിക്കുക. നിങ്ങളിൽ വിശ്വാസം വന്നാൽ ഉടനെ അടുത്ത ചികിത്സാകേന്ദ്രത്തിൽ എത്തിക്കുക. (ചിലപ്പോൾ അയാൾ ചികിത്സ നിഷേധിച്ചാൽ തന്ത്രം ഉപയോഗിച്ച് അയാളെ ചികിത്സാകേന്ദ്രത്തിലെത്തിക്കുക.) ചികിത്സ കഴിഞ്ഞുവരുന്ന പുതിയ മനുഷ്യനെ ആൽക്കഹോളിക് അനോണിമസ് എന്ന കൂട്ടായ്മയിൽ എത്തിക്കാനുള്ള മാർഗ്ഗം കാണുക. ചികിത്സ കഴിഞ്ഞുവരുന്ന മദ്യപന് ശാരീരികമായ ആസക്തി മാത്രമേ ശമിക്കുന്നുള്ളൂ. ബാക്കിയുള്ളവ അങ്ങനെ നിൽക്കുന്നു. കാൾ യുങ് പറയുകയുണ്ടായി മദ്യപന് നടക്കേണ്ടത് ഒരാത്മീയപരിവർത്തനമാണ് (from spirit to spirituality). അഥവാ ആസക്തിയിൽനിന്ന് ആ ശക്തിയിലേക്ക്.

ഒരു മദ്യപന് തന്നിൽതന്നെയുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ അയാൾക്ക് ആദ്യം വിശ്വാസം തന്നിൽതന്നെ ഉണ്ടാവുകയാണ് വേണ്ടത്. എഴുപത്തഞ്ചു ശതമാനത്തോളം മദ്യപാനികൾ നിരീശ്വരവാദികളോ അജ്ഞേയവാദികളോ ആണ്. അതുകൊണ്ടുതന്നെ അവരിൽ ജനിക്കുന്ന ആത്മവിശ്വാസം സാവധാനം അവർ മനസ്സിലാക്കുന്ന തരം ഒരു ദൈവത്തെ കണ്ടെത്താൻ സഹായിക്കുന്നു. ഇത് ലഭിക്കാൻ തുടങ്ങുമ്പോൾതന്നെ ഞാൻ ആര് എന്ന് സ്വയം ചിന്തിക്കുന്നു. വളരെ പെട്ടെന്നുതന്നെ I am an Alcoholic - ഞാൻ ഒരു മദ്യാസക്തനാണെന്നും ഇനി

എനിക്ക് ഒരു തുള്ളിപോലും നിയന്ത്രിച്ചു കുടിക്കാൻ കഴിയില്ല എന്നും മനസ്സിലാകുന്നു. തനിക്ക് സുബോധം ലഭിച്ചു തുടങ്ങുമ്പോൾ മദ്യാസക്തൻ തന്റെ അനിയന്ത്രിതമായ ജീവിതത്തെപ്പറ്റി മനസ്സിലാക്കുന്നു. തന്റെ അനിയന്ത്രിതമായ ജീവിതം തനിക്കു നിയന്ത്രിക്കാൻ കഴിയില്ലെന്നും തന്നേക്കാൾ വലിയ ശക്തിയെ കണ്ടെത്തണമെന്നും മനസ്സിലാക്കുന്നു. ഇങ്ങനെയുള്ള മാറ്റങ്ങൾ ആൽക്കഹോളിക് അനോണിമസ് എന്ന കൂട്ടായ്മയിൽ ഉള്ള മദ്യാസക്തരിൽ കാണുന്നു. ഇന്ന് ലോകത്തിൽ ദശലക്ഷക്കണക്കിന് ആൾക്കാർ ആൽക്കഹോളിക് അനോണിമസിലൂടെ സുബോധവാന്മാരായി ജീവിക്കുന്നു.

ഒരു മദ്യാസക്തന് മനഃപരിവർത്തനം ലഭിച്ചുകഴിഞ്ഞാൽ തന്റെ സുബോധാവസ്ഥ നിലനിർത്തുമ്പോൾതന്നെ മറ്റൊരു മദ്യാസക്തനെ സുബോധവാനാകാൻ സഹായിക്കാനും കഴിയുന്നു. എന്നെ നീ അറിയുമോ എന്ന് ഒരു മദ്യാപാനി നിങ്ങളോട് ചോദിച്ചാൽ നമ്മൾക്ക് പറയാൻ കഴിയണം: "നീ എന്റെ പ്രിയ സഹോദരൻ."

lambertkishore@rediffmail.com

**one-world** publishing house

Chethikode P.O - 682315, Ernakulam. ph:9745947040

| | | |
|---|---|---|
| 1 | ഗുരുസാന്നിധ്യത്തിലെ അമൃതവർഷം | 80 രൂപ |
| 2 | ധർമ്മത്തിന്റെ ലാളിത്യം | 80 രൂപ |
| 3 | ആത്മോപദേശശതകം (വ്യാഖ്യാനം) | 90 രൂപ |
| 4 | മനഃശാസ്ത്രത്തിനപ്പുറം (മാണ്ഡൂക്യോപനിഷത് വ്യാഖ്യാനം) | 100 രൂപ |
| 5 | മാതൃത്വത്തിന്റെ മാധുര്യം (ജനനീ നവരത്നമഞ്ജരി വ്യാഖ്യാനം) | 110 രൂപ |
| 6 | പ്രാർത്ഥന, മനനം, ധ്യാനം | 25 രൂപ |
| 7 | ചോദിക്കൂ..എന്നാൽ പറയാം (ഗുരു നിത്യചൈതന്യയതി) | 100 രൂപ |
| 8 | താവോ: ഗുരുവിന്റെ വഴി (താവോ തേ ചിങിന്റെ തർജ്ജമ - അഷിത) | 70 രൂപ |
| 9 | സമ്പൂർണ്ണ ഗുരുദേവകൃതികൾ | 60 രൂപ |
| 10 | LAUGHING BUDDHA - Ashita | 50 രൂപ |
| 11 | ഗുരുരാഗം - 2 ഓഡിയോ സി.ഡികൾ) (16 ഗുരുദേവകൃതികളുടെ ആലാപനം) | 120 രൂപ |


പുസ്തകങ്ങൾ വേണ്ടവർ M.O. അയക്കുക. തപാൽ ചാർജ്ജ് അയക്കേണ്ട. ഫോണിലും ബന്ധപ്പെടാം.

മൊഴിമാറ്റം : അഷിത



# മീരാഭജൻ

ഓ! ഹരി, നീ എന്റെ ജീവിതത്തിനാധാരം.
മൂന്നു ലോകത്തിലും നീയല്ലാതെ
മറ്റൊരഭയം എനിക്കില്ല.
ഈ പ്രപഞ്ചം മുഴുവൻ ഞാൻ തിരഞ്ഞു.
നീയല്ലാതെ മറ്റൊന്നും എന്നെ മോഹിപ്പിക്കുന്നില്ല.
മീര പറയുന്നു: പ്രഭോ, ഞാൻ നിന്റെ ദാസി.
എന്നെ മറന്നു കളയരുതേ.




ഓ! ഹരി, കേവലമൊരു കടാക്ഷം സമ്മാനിച്ച്
എന്നോടു സ്നേഹമുണ്ടെന്നു നടിക്കൂ.
എന്റെ നോട്ടം നിന്നിൽ ഉറച്ചിരിക്കുന്നു.
പക്ഷേ, നീ ദൃഷ്ടികൾ പിൻവലിച്ചിരിക്കുന്നു.
നീ കഠിനഹൃദയൻതന്നെ.
കേവലമൊരു കടാക്ഷത്തിനായി
ഞാൻ ആശിച്ചു നിൽക്കുന്നു.
എനിക്കു മറ്റൊരഭയവുമില്ല.
ഞാൻ നിന്റെ മുന്നിൽ അടിയറവു പറയുന്നു.
നോക്കൂ! അതാ പ്രഭാതമായിരിക്കുന്നു.
നിത്യനായ ഹരി തന്നെയാണ് മീരയുടെ പ്രഭു.
അവനായി അവൾ ജീവനും ത്യജിക്കുമല്ലോ.

ഗോകുലത്തിലെ ആ വ്രജവാസിയാണ് എന്റെ പ്രഭു.
അവന്റെ ദിവ്യലീലകളിൽ എല്ലാ വ്രജവാസികളും
അഗാധമായി ആനന്ദിക്കുന്നു.
എല്ലാ സ്ത്രീകളും അവന് അധീനരായിരിക്കുന്നു.
അവർ കൈകൊട്ടി പാട്ടുപാടി നൃത്തം ചവിട്ടി
ആനന്ദാതിരേകത്താൽ ചിരി തൂകുന്നു.
നന്ദന്റേയും യശോദയുടേയും ഗുണഗണങ്ങൾ പറയാം.
പൂർവ്വജന്മസുകൃതങ്ങൾ ഫലവത്തായപ്പോൾ
നിത്യനായ അവൻ അവതരിച്ചു.
അവൻ പീതാംബരമുടുത്ത്
രത്നഖചിതഹാരം മാറിലണിഞ്ഞ്
ഓടക്കുഴൽ കൈയിലേന്തി നിൽക്കുന്നു.
പ്രേമാധിപതിയാണ് മീരയുടെ പ്രഭു.ഗിരിധാരി.
അദ്ദേഹം തന്റെ ദാസിക്ക് ദർശനം നൽകുമാറാകട്ടെ.

ഗീതാലഹരി

സ്വാമി സുധി

# ധൃതരാഷ്ട്രന്മാർ ഇന്നും ജീവിക്കുന്നു



**ഭ**ഗവാൻ കൃഷ്ണൻ തന്റെ സ്വത്വത്തിൽനിന്നാണ് ഗീത സൃഷ്ടിച്ചിരിക്കുന്നത്. പ്രപഞ്ചം മുഴുവൻ ഈ ഗീതത്തിന്റെ വ്യാപ്തി നമുക്കു കാണാൻ കഴിയും. പക്ഷേ, നമുക്ക് ചില അന്തരിന്ദ്രിയങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നതുകൊണ്ട് ആ ഗീതം കേൾക്കാൻ കഴിയുന്നില്ല. യോഗശാസ്ത്രത്തിൽ ആ ഗീതത്തെ അനാഹതനാദം എന്നു പറയാറുണ്ട്. ഇതാരും സ്പന്ദിപ്പിച്ചുണ്ടാക്കുന്ന നാദമല്ല. ഈ പ്രപഞ്ചത്തിൽ ഭഗവാന്റെ ഗീതം സർവ്വവ്യാപിയായിരിക്കുന്നുണ്ട്. കാറ്റ് വീശുമ്പോൾ ഉൾക്കാതുകൊണ്ട് ഒന്ന് ശ്രദ്ധിച്ചാൽ ആ കാറ്റിൽ ഭഗവാന്റെ ഗീതം സ്പന്ദിക്കുന്നത് കേൾക്കാൻ കഴിയും. മഴ പെയ്യുമ്പോൾ മഴയുടെ ചടുലതാളത്തിലും ഗീതാവിഷ്ക്കാരമുണ്ട്. സൂര്യകിരണങ്ങൾ ഭൂമിയിലേയ്ക്കു പാറിവരുമ്പോൾ ഭഗവാന്റെ ഗീതം അനുഗമിക്കുന്നുണ്ട്. ഒരു പൂ വിരിയുമ്പോൾ ഭഗവാന്റെ ഗീതം അതിലുണ്ട്. നമ്മുടെ നിശ്വാസത്തിലും രക്തചംക്രമണത്തിലുമുണ്ട് ഭഗവാന്റെ ഗീതം. ഭഗവാന്റെ ഗീതമില്ലാത്ത ഒരിടവും ഈ പ്രപഞ്ചത്തിലില്ല.

ഈ പ്രപഞ്ചം ഭഗവാന്റെ ലീലയാണ്. നമുക്ക് ഈ പ്രപഞ്ചം വായിക്കാൻ കഴിയാത്തതുകൊണ്ട് പ്രപഞ്ചത്തിലിരിക്കുന്ന ഗീതം കേൾക്കാൻ കഴിയാത്തതുകൊണ്ട്, ഭഗവാൻതന്നെ വൈഖരീരൂപത്തിൽതന്നെ പറഞ്ഞുതന്നിരിക്കുന്നു. നമുക്കത് കിട്ടിയിരിക്കുന്നത് ഭഗവാന്റെ അധരത്തിൽനിന്നുതന്നെയാണ്. അത് സഞ്ജയൻ കേട്ടു. സഞ്ജയൻ ധൃതരാഷ്ട്രർക്ക് പറഞ്ഞുകൊടുക്കുന്നു. അത് വ്യാസനാണ് വിരചിച്ചുതന്നിരിക്കുന്നത്. മഹാഭാരതം എഴുതിയിട്ടുള്ളത് കൃഷ്ണദ്വൈപായനവ്യാസനാണ്. ഈ വ്യാസന്റെ വചനങ്ങളാണ് നാം ഗീതയായി പഠിക്കുന്നത്.

പലരുടേയും ഉള്ളിൽ ഒരു സംശയമുണ്ട്. ഭഗവദ്ഗീത മഹാഭാരതയുദ്ധത്തിൽ വച്ചാണ് പറഞ്ഞുകൊടുത്തതെന്നു പറയുന്നു. എഴുന്നൂറു ശ്ലോകങ്ങളുള്ള ഈ ഗീത ചൊല്ലണമെങ്കിൽ മൂന്നു മണിക്കൂറെങ്കിലും വേണം. യുദ്ധം തുടങ്ങി എന്നു പറയുന്ന ഈയവസരത്തിൽ മൂന്നു മണിക്കൂർ സമയം എല്ലാവരും ഭഗവാൻ പറയുന്ന ഗീതകേട്ട് നിൽക്കുകയായിരുന്നോ? ഇതാണ് സംശയം. അതിനെക്കുറിച്ച് എന്താണ് ആരും ഒന്നും പറയാത്തത്? ഇതിനെ നമുക്ക് ഭൗതികമായിട്ടുള്ള ദൃഷ്ടിയിൽ മാത്രം എടുത്താൽ പോരാ. ഭൗതികമായ യുദ്ധക്കളത്തിൽ വച്ച് ഭഗവാൻ കൃഷ്ണൻ അർജ്ജുനന് പറഞ്ഞുകൊടുക്കുന്ന വൈഖരീരൂപത്തിലുള്ള സംഭാഷണമായിട്ടല്ല ഭഗവദ്ഗീതയെ കാണേണ്ടത്. അവരുടെ ഹൃദയാന്തരത്തിലൂടെ സംഭവിച്ചിട്ടുള്ള ഒരു ആത്മവിനിമയമായിരുന്നു അത്. ഈ ആത്മവിനിമയത്തിനായി ചിലപ്പോൾ ഒരു നൊടിയിട മതി. ആ നൊടിയിടയിൽ സംഭവിച്ചിട്ടുള്ളതിനെ വാക്കുകളിലേയ്ക്ക് ആവിഷ്ക്കരിച്ചപ്പോൾ എഴുന്നൂറ് ശ്ലോകങ്ങളുള്ള ഭഗവദ്ഗീതയായി അതു മാറി എന്നുള്ളതാണ്.

ഇനി നമുക്കു മഹാഭാരതത്തിന്റെ പശ്ചാത്തലത്തിലേക്കൊന്നു കണ്ണോടിക്കാം. വിചിത്രവീര്യനെന്നും ചിത്രാംഗദനെന്നും പേരായി രണ്ട് സഹോദരന്മാർ ഭീഷ്മർക്കുണ്ട്. അതിൽ വിചിത്രവീര്യൻ ആദ്യമേ മരിച്ചുപോയി. പിന്നെ ചിത്രാംഗദൻ മാത്രമാണ് അവശേഷിച്ചത്. കുറച്ചു കാലം കഴിഞ്ഞപ്പോൾ ചിത്രാംഗദനും മരിച്ചു. ഇവരുടെ ഭാര്യമായിരിക്കുന്ന അംബിക, അംബാലിക എന്നിവരിൽ നിന്നുമാണ് ധൃതരാഷ്ട്രരും പാണ്ഡുവും ജനിക്കുന്നത്. ദാസിയായ ഒരു സ്ത്രീയിൽനിന്ന് ജനിക്കുന്നതാണ് വിദുരർ. ഈ മൂന്ന് വ്യക്തികളേയും നമ്മൾ വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. വ്യാസന്റെ പുത്രന്മാരാണ് ശരിക്കും പാണ്ഡുവും ധൃതരാഷ്ട്രരും വിദുരരും.

സത്യവതി വ്യാസനെ വിളിച്ചിട്ട് തന്റെ പുത്രന്മാരുടെ ഭാര്യമാരിൽനിന്ന് സന്താനങ്ങളെ ഉൽപാദിപ്പിക്കണമെന്ന് പറഞ്ഞപ്പോൾ ഒരു ഋഷിയായിരിക്കുന്ന വ്യാസൻ അതിന് സമ്മതിക്കുകയാണ് ചെയ്തത്. കാരണം ഒരു തലമുറയുടെ ധർമ്മം മുന്നോട്ടുകൊണ്ടുപോകണമെന്നുള്ള ആഗ്രഹം ആ അമ്മയിൽ ഉണ്ടായിരുന്നു. പ്രത്യേകിച്ചും ഭീഷ്മരെ സംബന്ധിച്ചിടത്തോളം താൻ ഇനി വിവാഹം കഴിക്കുക

യില്ലാ എന്ന് ശാഠ്യം പിടിച്ചിരിക്കുന്ന സന്ദർഭത്തിൽ വ്യാസനെക്കൊണ്ടു തന്നെ കുട്ടികളെ ജനിപ്പിക്കുന്നു. അതിൽ അംബികയിൽനിന്ന് ജനിച്ച കുഞ്ഞാണ് ധൃതരാഷ്ട്രർ. അംബാലികയിൽനിന്നുണ്ടായ കുഞ്ഞാണ് പാണ്ഡു. ദാസിയിൽ നിന്ന് ജനിച്ച കുഞ്ഞ് വിദുരരും. എന്തുകൊണ്ടാണ് ധൃതരാഷ്ട്രരുടെ ജനനം ആന്ധ്യത്തോടുകൂടി സംഭവിച്ചത്?

വ്യാസനെ സംബന്ധിച്ചിടത്തോളം വ്യാസൻ ബാഹ്യമായി സുന്ദരനായിരിക്കുന്ന ഒരു വ്യക്തിയല്ല. എന്നാൽ അംബിക പ്രതീക്ഷിച്ചത് ഒരു സുന്ദരനായ വ്യക്തിയായിരിക്കും അമ്മ തനിക്കുവേണ്ടി കൊണ്ടുവരുന്നത് എന്നാണ്. ആ സമയത്താണ് വ്യാസൻ കൊട്ടാരത്തിലേക്കു വന്നത്. വിരൂപനായ വ്യാസന്റെ മുഖം കണ്ട മാത്രയിൽ അംബിക കണ്ണുകളടച്ചുകളഞ്ഞു. കണ്ണുകളടച്ചപ്പോൾ സംഭവിച്ച ഗർഭധാരണം ആ ശിശുവിന്റെ ജൈവഘടനയേയും ബാധിച്ചു എന്നുള്ളതാണ്. അങ്ങനെ അംബികയിലുണ്ടായ ഒരു നിഷേധാത്മകതയിൽനിന്ന് ജനനമെടുത്ത കുഞ്ഞിലും അതു സംഭവിച്ചു എന്നുള്ളത് കേവലം ഭൗതികമായിരിക്കുന്ന അർത്ഥത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മനസ്സിലാക്കാവുന്ന ഒരു കാര്യമല്ല. നാം ഒരു ശിശുവിനെ ജനിപ്പിക്കാൻ ആഗ്രഹിക്കുമ്പോൾ ആ ശിശുവിനോടുള്ള സമീപനം വളരെ പ്രസന്നമായിരിക്കണം. വളരെ രസാത്മകമായിരിക്കുന്ന, സ്വീകാര്യതയുള്ള, പരിപൂർണ്ണതയുള്ള, വിയോജിപ്പുകളില്ലാത്ത മാനസികാവസ്ഥയിൽനിന്നായിരിക്കണം ഒരു പ്രജ ജനിക്കേണ്ടത്. ഈ ഒരു മനോഭാവത്തോടെയല്ലാതെ ഏതു പ്രജ ജനിച്ചാലും അതിന് എന്തെങ്കിലും തരത്തിലുള്ള വൈകല്യം കാണും. ഇപ്പോൾ ആധുനികലോകത്തിലെ ജീവിതക്രമങ്ങൾ എടുത്തുനോക്കിക്കഴിഞ്ഞാൽ പല കുഞ്ഞുങ്ങളും നിനച്ചിരിക്കാതെ ഉണ്ടാകുന്നതായാണ് കാണാൻ കഴിയുന്നത്. അയാൾ വിചാരിച്ചില്ല കുഞ്ഞുങ്ങൾ ജനിക്കണമെന്ന്. ജനിക്കാൻ ആഗ്രഹിക്കാതിരിക്കുമ്പോൾ കുഞ്ഞുങ്ങൾ ജനിക്കുന്നു. പിന്നെ എങ്ങനെയാണ് കുഞ്ഞുങ്ങൾ ഈ ലോകത്ത് ധർമ്മസംസ്ഥാപകരായി നിലകൊള്ളുക?

ഒരു കുഞ്ഞ് ധർമ്മത്തിൽ ഉറച്ചുനിന്നുകൊണ്ട് ജീവിക്കണമെങ്കിൽ ആ കുഞ്ഞിനെ ജനിപ്പിക്കുന്ന പ്രക്രിയയിൽ ധർമ്മം ഉണ്ടായിരിക്കണം. സൃഷ്ടിക്കുന്ന പ്രക്രിയയിൽ ധർമ്മലോപം ഉണ്ടെങ്കിൽ ആ കുഞ്ഞിലും ധർമ്മത്തിന്റെ ലോപം ഉണ്ടായിരിക്കും. അതിന്റെ ഉത്തമദൃഷ്ടാന്തമല്ലേ അന്ധനായിത്തന്നെ ധൃതരാഷ്ട്രർ ജനിക്കുന്നത്. അംബാലികയിൽനിന്നു വന്ന കുഞ്ഞാണ് പാണ്ഡു. പാണ്ഡു പാണ്ടുള്ള ഒരാളായിരുന്നു. എങ്ങനെയാണ് അദ്ദേഹത്തിന് പാണ്ടു പിടിച്ചത്? അംബാലിക വ്യാസനെ കണ്ട മാത്രയിൽ വിളറിപ്പോയി എന്നാണ് പറയുന്നത്. ആ വിളർച്ചയിൽ തന്റെ കുഞ്ഞിന് പാണ്ടു പിടിച്ചു. അപ്പോൾ സൃഷ്ടിയെ വെറുംമൊരു ആകസ്മികതയായി കാണാൻ പാടില്ല.

മഹാഭാരതത്തിലൂടെ എത്രയോ വർഷങ്ങൾക്കുമുമ്പ് നടന്ന ചില സംഭവങ്ങളുടെ അടിസ്ഥാനത്തിൽ വ്യാസനെപ്പോലെ ഉൾക്കാഴ്ചയുള്ള ഒരാൾ എഴുതുമ്പോൾ അതിൽ എന്തെങ്കിലും ഒരു കാമ്പ് ഉണ്ടായിരിക്കും. ആ കാമ്പ് ഇപ്പോൾ നമുക്ക് മനസ്സിലാവുകയില്ല. ധൃതരാഷ്ട്രർക്ക് ആന്ധ്യമുണ്ട്. കണ്ണു കാണില്ല. ലോകത്തെ മാത്രമല്ല അദ്ദേഹത്തിന് കാണാൻ കഴിയാതിരിക്കുന്നത്. ലോകത്തിന്റെ നിയമത്തെയും അദ്ദേഹം അറിയുന്നില്ല. ധർമ്മത്തെ അറിയുന്നില്ല. എന്താണ് ശരി എന്താണ് തെറ്റ് എന്ന് അദ്ദേഹത്തിന് അറിയാൻ കഴിയുന്നില്ല. ധർമ്മാധർമ്മങ്ങളുടെ തിരിച്ചറിവില്ലാത്ത ഒരു അവസ്ഥയിലാണ് അദ്ദേഹം ജീവിച്ചുപോകുന്നത്. ധർമ്മത്തെക്കുറിച്ച് അറിവുണ്ടെങ്കിൽതന്നെയും ധർമ്മത്തിന്റെ വശത്ത് ഉറച്ചുനിൽക്കുവാൻ അദ്ദേഹത്തിന് കഴിയുന്നില്ലതാനും. തന്റെ മകനായ ദുര്യോധനന്റെ ധർമ്മലോപം സംഭവിച്ചിട്ടുള്ള കുത്തഴിഞ്ഞ ജീവിതം തെറ്റാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. എന്നിട്ടും തന്റെ മകന്റെ എല്ലാത്തരത്തിലുള്ള വിഷയലോലുപതകൾക്കും വിഭ്രമങ്ങൾക്കും മാത്സരികതയ്ക്കുമൊക്കെ കൂട്ടുനിൽക്കുന്ന വൃദ്ധനായിരിക്കുന്ന ധൃതരാഷ്ട്രർ ഇന്നും നമ്മുടെ സമൂഹത്തിൽനിന്ന് മരിച്ചുപോയിട്ടില്ല എന്ന് അറിയണമെങ്കിൽ നാം നമ്മുടെ ഇന്നത്തെ രാഷ്ട്രീയസംവിധാനത്തിലേക്ക് വെറുതെ ഒന്ന് കണ്ണോടിച്ചാൽ മതി. അന്ധനായിരിക്കുന്ന ധൃതരാഷ്ട്രർ ഇന്നും ജീവിച്ചിരിക്കുന്നുണ്ടെന്ന് ഇന്ത്യയിലേയും കേരളത്തിലേയും മറ്റ് സംസ്ഥാനങ്ങളിലേയും രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെ സ്വഭാവത്തെ ഒന്ന് വിശകലനം ചെയ്തു നോക്കിയാൽ നമുക്കറിയാൻ കഴിയും. അവർ ഇന്നും ആന്ധ്യത്തോടുകൂടി സ്വജനപക്ഷപാതത്തിന്റെ വക്താക്കളായി, സ്വന്തം മക്കൾ രാഷ്ട്രീയത്തിൽ ചിരപ്രതിഷ്ഠ നേടണമെന്നാഗ്രഹിച്ചുകൊണ്ട് എത്ര വികലവ്യക്തിത്വമുള്ള മക്കളായാലും അച്ഛൻ എങ്ങ



നെയെങ്കിലും പിടിച്ച് രാഷ്ട്രീയത്തിന്റെ മൂശയിലേയ്ക്ക് കൊണ്ടുവന്ന് അമർത്തി തിരുകിക്കയറ്റി ഒരു വ്യക്തിത്വമുണ്ടാക്കാൻ ശ്രമിക്കുന്ന കാഴ്ച്ച ധൃതരാഷ്ട്രർ ദുര്യോധനനെ എങ്ങനെയാണോ പ്രോത്സാഹിപ്പിച്ചത് അതുപോലെയുള്ള കാഴ്ച്ചയാണ്.

മഹാഭാരതം എങ്ങോ നടന്ന ഒരു ചരിത്രസംഭവമോ അല്ലെങ്കിൽ വ്യാസന്റെ മേധയിൽ മാത്രം വിരിഞ്ഞിട്ടുള്ള ഒരു കഥാബീജമോ അല്ല എന്ന് നാം തിരിച്ചറിയേണ്ടതായിട്ടുണ്ട്. മഹാഭാരതം നമ്മുടെ ഉപബോധത്തിന്റെ, സൂക്ഷ്മബോധത്തിന്റെ ഉറങ്ങികിടക്കുന്ന ചില പ്രവണതകളെ എടുത്തുകൊണ്ട് വിപുലീകരിച്ച് വിശദീകരിച്ച് എഴുതിയിട്ടുള്ള ഒരു ദാർശനികച്ചുവയുള്ള കാവ്യമാണ്. അതു ചരിത്രമായിട്ടു മാത്രം കരുതുവാൻ പാടില്ല. അതിൽ ചരിത്രം ഉണ്ടെന്നും വരാം ഇല്ലായെന്നും വരാം. അതിനെ സംബന്ധിച്ച തർക്കങ്ങളിലൊന്നും ഏർപ്പെടാതിരിക്കുന്നതാണ് നല്ലത്. അതിനേക്കാളുപരി അതിലൂടെ എന്തു സന്ദേശമാണ് തരുന്നത് എന്നാണറിയേണ്ടത്. വ്യാസൻ അന്ധനായിരിക്കുന്ന ഒരച്ഛനെ ക്കുറിച്ച് പറയുമ്പോൾ നമ്മുടെ ധാരണ കണ്ണിനു മാത്രമാണ് ആന്ധ്യം എന്നാണ്. കണ്ണിന് കാഴ്ച്ചയില്ലെങ്കിലും മനുഷ്യന്റെ ഉള്ളിൽ വീണ്ടും ഒരു അന്ധതയുണ്ട്. അതി നെ ഭഗവാൻ പറയുന്നത് ധർമ്മസമൂഢചേതസ്സ് എന്നാണ്. ധർമ്മത്തെ കാണാൻ കഴിയാതെയിരിക്കുക. ഒരു കണ്ണട വയ്ക്കാതെ തന്നെ പുറംലോകത്തെയെല്ലാം നമുക്ക് വ്യക്തമായി കാണാൻ കഴിയും. കാരണം നമ്മുടെ കണ്ണിനു നല്ല കാഴ്ച്ചയുണ്ട്. പക്ഷേ, ധർമ്മത്തെ നമുക്ക് കാണാൻ കഴിയുകയില്ല. കണ്ണില്ലെങ്കിലും ധർമ്മത്തെ നമുക്ക് കാണാൻ കഴിയുകയാണെങ്കിൽ ജീവിതത്തിൽ വളരെ നന്മ നിറഞ്ഞ ഒരു ജീവിതം കാഴ്ച്ച വയ്ക്കുവാൻ കഴിയും. നന്മ നിറഞ്ഞ ജീവിതം നയിക്കുവാൻ കണ്ണ് ഒരു അനിവാര്യതയല്ല. പക്ഷേ, പലപ്പോഴും നമ്മൾ ധരിക്കുന്നത് കണ്ണാണ് പാപം ചെയ്യുന്നത് എന്നാണ്.

ഗ്രീക്ക് ഇതിഹാസങ്ങളിൽ നിന്ന് കടമെടുത്തിട്ടുള്ള കല്പനകളിൽക്കൂടെ ബൃഹത്തായ ഒരു നാടകം സോഫോക്ലീസ് എന്നു പറയുന്ന ഒരു എഴുത്തുകാരൻ എഴുതിയിട്ടുണ്ട്. ഈഡിപ്പസ് ദ കിങ്ങ്. ഈഡിപ്പസ് രാജാവിന്റെ കഥ അദ്ദേഹം അവതരിപ്പിക്കുന്നതിങ്ങനെയാണ്. ഈഡിപ്പസിന്റെ ജനന സമയത്ത് ഒരു അശരീരി ഉണ്ടാകുന്നു. ആ അശരീരി പറയുന്നത് ഇവൻ അച്ഛനെ കൊന്ന് അമ്മയെ വേൾക്കും എന്നാണ്. ജനിച്ചിരിക്കുന്ന ഈ പുത്രൻ അമ്മയെ കല്ല്യാണം കഴിക്കാൻ പോകുന്ന ഒരു പുത്രനാണ് എന്ന അശരീരി ഉണ്ടാകുന്നു. അച്ഛനെ കൊല്ലുമെന്നും. ഇതുകേട്ട് ഈഡിപ്പസിന്റെ അച്ഛൻ ഈഡിപ്പസിനെ ഭടന്മാരുടെ കൈയ്യിലേൽപിച്ച് ഇവനെ എവിടെയെങ്കിലുംപോയി കൊന്നു കളയാൻ പറഞ്ഞു. അങ്ങനെ ഭടന്മാർ അതിനെ കൊന്നുകളയാനായി ഒരു മലയോ

രത്തേയ്ക്കു പോയി. അവിടെയത്തിയപ്പോൾ നിഷ്ക്കളങ്കമായ കുഞ്ഞിന്റെ മുഖം കണ്ടപ്പോൾ അവർ അതിനെ കൊല്ലാതെ അവിടെ കിടത്തിയിട്ട് പോന്നു. അവിടെയുള്ള ആട്ടിടയന്മാർ ആ കുഞ്ഞിനെ എടുത്തു വളർത്തി. കുറെനാൾ കഴിഞ്ഞപ്പോൾ ഈഡിപ്പസ് വേറൊരു രാജ്യത്തിലെ രാജാവായി. പിന്നെ അവൻ അവിടെ നിന്നും തിരിച്ച് രക്ഷപ്പെട്ട് വേറെ സ്ഥലത്തേക്ക് പോകുന്ന സമയത്ത് റോഡിൽ വച്ച് ഒരാളെ കണ്ടു. അയാളുമായി തർക്കത്തിൽ ഏർപ്പെട്ട് അയാളെ കൊല്ലുകയും ചെയ്തു. അങ്ങനെ വരുമ്പോൾ ഒരിടത്ത് രാജാവില്ലാത്ത രാജ്യം. അവിടെ അദ്ദേഹം രാജാവാകുന്നു. അവിടത്തെ വിധവയായ രാജ്ഞിയെ വരിക്കുന്നു. അവരിൽനിന്നും ഈഡിപ്പസ്സിന് കുഞ്ഞുങ്ങൾ ജനിക്കുന്നു. പിന്നീട് താൻ തന്റെ അമ്മയെയാണ് വരിച്ചതെന്നറിഞ്ഞപ്പോൾ തന്റെ രണ്ടു കണ്ണുകളും പശ്ചാത്താപം കൊണ്ട് ഈഡിപ്പസ്സ് കുത്തിപ്പൊട്ടിയ്ക്കുന്നു.

ഒരാൾക്ക് ധാർമ്മികമായ ആന്ധ്യം ഉണ്ടായാൽ അതിനു കുറ്റക്കാരൻ കണ്ണല്ല. കണ്ണിനു കാഴ്ച നല്കുന്ന മനസ്സാണ്. ധൃതരാഷ്ട്രരുടെ മാനസ്സികമായ ആന്ധ്യത്തിലേക്കു വിരൽ ചൂണ്ടിക്കൊണ്ടാണ് ഗീത തുടങ്ങുന്നത്.

ധർമ്മക്ഷേത്രേ കുരുക്ഷേത്രേ
സമവേതാ യുയുത്സവഃ
മാമകാഃ പാണ്ഡവാശ്ചൈവ
കിമകുർവ്വത സഞ്ജയ?

ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ യുദ്ധം ചെയ്യാൻ തീരുമാനിച്ചുകൊണ്ട് എന്റെ ആളുകളും പാണ്ഡവന്മാരും ചേർന്ന് എന്ത് ചെയ്തു, സഞ്ജയാ?

കൗരവസേനയുടെ നെടുംതൂണായ ഭീഷ്മപിതാമഹൻ യുദ്ധക്കളത്തിൽ നിപതിച്ചുവെന്ന വാർത്ത ധൃതരാഷ്ട്രരോട് അദ്ദേഹത്തിന്റെ



വിശ്വസ്തമന്ത്രിയായ സഞ്ജയൻ ഉണർത്തിച്ചപ്പോൾ ധൃതരാഷ്ട്രർ ചോദിക്കുന്ന ചോദ്യമാണിത്. ധർമ്മക്ഷേത്രമായിരിക്കുന്ന കുരുക്ഷേത്രത്തിൽ എന്റെ ആളുകളും പാണ്ഡുവിന്റെ പുത്രന്മാരും ചേർന്ന് എന്തു ചെയ്തു? തന്റെ മക്കൾക്ക് വിജയം ഉണ്ടായോ? ഏതു ഭാഗത്താണ് കൂടുതൽ നാശം ഉണ്ടായി

ട്ടുള്ളത്? എന്നറിയാനുള്ള ഒരു ആകാംക്ഷ ആ വൃദ്ധന്റെ ഉള്ളിൽ തിങ്ങിവിങ്ങി നിൽക്കുകയാണ്. പറയൂ, സഞ്ജയാ. കിം അകുർവ്വത? എന്താണ് അവിടെ സംഭവിച്ചത്? നമുക്ക് പതിനൊന്ന് അക്ഷൗഹിണികളുണ്ടായിരുന്നുവല്ലോ? അവർക്ക് ഏഴ് അക്ഷൗഹിണിപ്പടകളല്ലേ ഉണ്ടായിരുന്നത്? ആർക്കാണ് കൂടുതൽ നാശം സംഭവിച്ചിട്ടുള്ളത്? ആരാണ് ഇപ്പോൾ മുന്നിട്ടു നില്ക്കുന്നത്? ആരൊക്കെയാണ് മരിച്ചുപോയിട്ടുള്ളത്? ഇതറിയുവാനായിട്ട് ആ വൃദ്ധന്റെ മനസ്സ് വെമ്പൽ കൊള്ളുകയാണ്. എന്നാൽ തന്റെ മക്കളെപ്പോലെതന്നെ പാണ്ഡുവിന്റെ പുത്രന്മാരേയും നോക്കണമെന്നും ശരിയായ ഒരച്ഛന്റെ സ്ഥാനം അവർക്ക് കൊടുക്കേണ്ടതാണെന്നുമുള്ള ഒരു ധർമ്മബോധം ആ വ്യക്തിയുടെയുള്ളിൽ ഉണ്ടെങ്കിൽ ഒരിക്കലും എന്റെ പുത്രന്മാരും പാണ്ഡുവിന്റെ പുത്രന്മാരുമെന്നുള്ള വിഭജനം ഉണ്ടാക്കി പറയുമായിരുന്നില്ല.

ഒരാൾ അന്ധനായിപ്പോകുന്നത് എവിടെയാണെന്നുള്ളതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് എന്റെ മകൻ, എന്റെ ആളുകൾ, എന്റെ പാർട്ടിക്കാർ, എന്റെ മതക്കാർ, എന്റെ ജാതിക്കാർ, എന്റെ രാഷ്ട്രക്കാർ തുടങ്ങിയ വിധത്തിലുള്ള മമത. മമത ഒരു രോഗമാണ്. വളരെയധികം ചികിത്സ ആവശ്യമുള്ള ഒരു രോഗമാണ് മമത. മമതയുടെ മറുപുറമായിരിക്കുന്നത് അഹന്തയാണ് – ഞാൻ ഭാവം. 'എന്റെ' ഭാവമാണ് മമതയെങ്കിൽ 'ഞാൻ' ഭാവമാണ് അഹന്തയായിരിക്കുന്നത്. ഞാൻ, ഞാൻ എന്ന് നമ്മൾ എപ്പോഴും പറയാറില്ലേ? നാം ഒരു നല്ല കാര്യം ചെയ്യുമ്പോഴും പറയും, ഞാൻ അവന് നൂറ് രൂപ കൊടുത്തു എന്ന്. ഞാൻ അവന് സ്നേഹം കൊടുത്തു. ഇവിടെയൊക്കെ ഞാൻ ആണ് അതിൽ മുഴച്ചു നിൽക്കുന്നത്. എന്തുകൊടുത്തു എന്നതൊക്കെ പിന്നീടുവരുന്നതാണ്. അതിനൊന്നും അത്ര പ്രാധാന്യമില്ല. ഞാൻ കൊടുത്തു എന്നതിനാണ് പ്രാധാന്യം. ഞാൻ അവൾക്ക് സാരി വാങ്ങിക്കൊടുത്തു. അവൾക്ക് ദുഃഖം ഉണ്ടായപ്പോൾ ഞാൻ മാത്രമാണ് അവളെ ആശ്വസിപ്പിക്കാനായി ചെന്നത്. ഈ 'ഞാൻ' എവിടെയൊക്കെ മുഴച്ചു നില്ക്കുന്നുവോ അതിന്റെയൊക്കെ അപ്പുറത്ത് 'എന്റേതും' മുഴച്ചു നില്ക്കും. ഇതാണ് ഈ ജീവിതത്തെ വളരെ പ്രശ്നസങ്കീർണമാക്കുന്ന രണ്ട് മുഖങ്ങൾ. നമ്മൾ നമ്മിലേയ്ക്കുതന്നെ നോക്കണം, നമ്മൾ അന്ധനാണോ അല്ലയോ എന്നറിയാൻ. നമ്മുടെയുള്ളിൽ ഞാൻ, ഞാൻ എന്നുള്ള ഭാവം വരുന്നുണ്ടെങ്കിൽ; എന്റെ, എന്റെ എന്നുള്ള ഭാവം വരുന്നുണ്ടെങ്കിൽ നമ്മൾ ധൃതരാഷ്ട്രരാണ്. അതിൽ സംശയമൊന്നുമില്ല.

ഭഗവദ്ഗീതപോലെ മഹത്തായിരിക്കുന്ന ഒരു ഗ്രന്ഥം തുടങ്ങുന്നത് അന്ധനായിരിക്കുന്ന രാജാവിന്റെ കാര്യം പറഞ്ഞുകൊണ്ടാണോ? വാസ്തവത്തിൽ ധൃതരാഷ്ട്ര ഉവാച എന്നാണ് ആദ്യത്തെ വാക്യമെങ്കിലും ശരിയായ ഗീത തുടങ്ങുന്നത് ധർമ്മക്ഷേത്രേ എന്നു പറഞ്ഞുകൊണ്ടാണ്. ധർമ്മക്ഷേത്രം – കർമ്മക്ഷേത്രം. കുരുക്ഷേത്രം എന്നു പറ

ഞ്ഞാൽ കർമ്മക്ഷേത്രം. എന്താണ് ധർമ്മവും കർമ്മവും തമ്മിലുള്ള വ്യത്യാസം? ഇത് നമുക്ക് പലർക്കും അറിയാത്ത ഒരു കാര്യമാണ്. പലരും ഇവിടെ ദാർശനികമായ പല കാര്യങ്ങളും ചർച്ചചെയ്യുന്നുണ്ട്. പല ആളുകളും പറഞ്ഞുവരുമ്പോൾ അറിയാതെ അത് ദാർശനികമായിപ്പോകും. എന്നാൽ ജീവിതത്തിൽ ധർമ്മം വേണമെന്നു പറയുമ്പോൾ എന്താണ് നമ്മൾ മനസ്സിലാക്കേണ്ടത്?

എപ്പോൾ നമ്മുടെ ഉള്ളിൽ അഹന്തയുടെ നാശം - ഞാൻ എന്ന ഭാവം ഇല്ലാതിരിക്കുന്നുവോ അപ്പോഴൊക്കെ അവിടെ നടക്കുന്നത് ധർമ്മമാണ്. എപ്പോഴൊക്കെ നമ്മുടെ ഉള്ളിൽ അഹന്തയുടെ അംശം - ഞാൻ എന്ന ഭാവം ഉണ്ടാകുന്നുവോ അപ്പോഴൊക്കെ അവിടെ നടക്കുന്നത് കർമ്മമാണ്. വളരെ ലളിതമായിരിക്കുന്ന ഒരു വിവരണമാണിത്. എവിടെ അഹന്തയുണ്ടോ അവിടെ കർമ്മമുണ്ട്. എവിടെ അഹന്തയില്ലയോ അവിടെ ധർമ്മമുണ്ട്.

ഇനി നമുക്ക് ഗീതയിലേയ്ക്ക് പ്രവേശിക്കാം. ധൃതരാഷ്ട്രർക്ക് കുരുക്ഷേത്രത്തെ ധർമ്മക്ഷേത്രം എന്നു പറയുവാൻ ആധികാരികതയുണ്ടോ? അന്ധനായിരിക്കുന്ന, ധർമ്മാന്ധ്യം പിടിപെട്ടിരിക്കുന്ന ധൃതരാഷ്ട്രർ കുരുക്ഷേത്രത്തെ ധർമ്മക്ഷേത്രമെന്നു വിളിക്കുന്നത് വലിയ ഒരു വൈരുദ്ധ്യമാണ്. ആന്ധ്യം ബാധിച്ചിട്ടുള്ള പുത്രന്മാരെക്കൊണ്ടും അന്ധനായിരിക്കുന്ന ഈ രാജാവ് യുദ്ധം ചെയ്യിപ്പിക്കുന്നു. തന്റെ പുത്രന്മാരുടെ ഭൗതികമായിരിക്കുന്ന നേട്ടങ്ങൾക്കുവേണ്ടി മാത്രം. അങ്ങനെയുള്ള ഈ രാജാവ് ധർമ്മക്ഷേത്രമാണ് കുരുക്ഷേത്രമെന്ന് പറയുമ്പോൾ അത് വലിയൊരു വൈരുദ്ധ്യമാണ്. എന്റെ പുത്രന്മാരും പാണ്ഡുവിന്റെ പുത്രന്മാരും യുദ്ധം ചെയ്യുവാനായി ഈ യുദ്ധഭൂമിയിൽ എത്തിയിട്ടുണ്ടല്ലോ. അവരെന്തു ചെയ്തു എന്നറിയാൻ എനിക്ക് വളരെ ആകാംഷയുണ്ട്. പറയൂ സഞ്ജയാ, എന്നു പറഞ്ഞുകൊണ്ടാണ് ഗീത തുടങ്ങുന്നത്.

ഇനി ഓരോ ശ്ലോകത്തിലൂടേയും മുന്നോട്ടുപോകുമ്പോൾ ഗഹനതകളിലേയ്ക്കു നമുക്കെത്തിച്ചേരാൻ കഴിയും. മാത്രമല്ല എവിടെയൊക്കെയാണ് നമുക്ക് വൈകല്യം സംഭവിച്ചിട്ടുള്ളതെന്ന് അറിയാൻ കഴിയും. എവിടെയൊക്കെയാണ് നമുക്ക് റിപ്പയറിങ് ആവശ്യമുള്ളതെന്ന് തിരിച്ചറിയാൻ കഴിയും. ഒരു വ്യക്തി എന്ന നിലയ്ക്ക് എവിടെയാണ് ഞാൻ പരാജയപ്പെട്ടിരിക്കുന്നതെന്നും എന്റെ വ്യക്തിത്വത്തിന്റെ പൂർണ്ണപ്രഭാവം എങ്ങനെ പ്രകാശിപ്പിക്കാ മെന്നും അറിയാം. നമുക്ക് നമ്മിൽ തന്നെ മാറ്റങ്ങളെ സംരചിക്കാൻ കഴിയുന്ന ഒരു ഗാനമാണ് ഗീത. ഇത് ഭഗവാൻ തന്നെ നമ്മളോട് പറഞ്ഞുതന്നിട്ടുള്ള ഗീതമാണ്. ഇത് ഉപേക്ഷിക്കാൻ പാടില്ല, നഷ്ടപ്പെടുത്താൻ പാടില്ല.

ഗുരു നിത്യ ചൈതന്യ യതി
വൈകുന്നേരത്തെ കഞ്ഞി കുടിക്കുന്നു



വരച്ചത് രമണൻ ഒ.ടി

നിമ്യ സലിംകുമാർ



# പുരന്ദരദാസൻ: കർണ്ണാടക സംഗീതത്തിന്റെ പിതാമഹൻ



ഭാരതീയ സംഗീതശാഖകളിലൊന്നായ കർണ്ണാടകസംഗീതത്തിന്റെ പിതാമഹൻ എന്നറിയപ്പെടുന്ന പുരന്ദരദാസർ 1484 ൽ ബല്ലാരി ജില്ലയിൽ ഹംപി നഗരത്തിലെ പുരന്ദരഘട്ട് എന്ന സ്ഥലത്താണ് ജനിച്ചത്. അദ്ദേഹത്തെ നാരദമഹർഷിയുടെ അവതാരമായിട്ടാണ് വിശേഷിപ്പിച്ചിരുന്നത്. ശ്രീനിവാസനായിക് എന്നായിരുന്നു അദ്ദേഹത്തിന്റെ പൂർവ്വാശ്രമത്തിലെ പേര്. കോടീശ്വരനായ ഒരു രത്നവ്യാപാരിയുടെ ഏകമകനായിരുന്നു അദ്ദേഹം. ബ്രാഹ്മണസമുദായത്തിൽ ജനിച്ചതുകൊണ്ട് ചെറുപ്പത്തിലേ സംസ്കൃതഭാഷയിൽ പ്രാവിണ്യം നേടിയിരുന്നു. പതിനാറാമത്തെ വയസ്സിൽ സരസ്വതി എന്ന പെൺകുട്ടിയെ അദ്ദേഹം വിവാഹം കഴിച്ചു. അച്ഛനമ്മമാരുടെ മരണശേഷം അളവറ്റ സ്വത്തുക്കളുടെ അവകാശിയായിത്തീർന്ന അദ്ദേഹം ക്രമേണ മഹാപിശുക്കനും അത്യാഗ്രഹിയുമായി മാറി.

ഒരിക്കൽ ഒരു ദരിദ്രബ്രാഹ്മണൻ ശ്രീനിവാസനായിക്കിന്റെ അടുക്കൽ ചെല്ലുകയും തന്റെ മകന്റെ ഉപനയനച്ചടങ്ങിലേക്കായി

സഹായിക്കണമെന്നും അഭ്യർത്ഥിച്ചു. എന്നാൽ, പിന്നീട് വരാൻ പറഞ്ഞ് അദ്ദേഹത്തെ മടക്കിയയക്കുകയാണ് മഹാധനികനായ ശ്രീനിവാസനായിക്ക് ചെയ്തത്. ബ്രാഹ്മണൻ പലതവണ അദ്ദേഹത്തെ കാണാൻ ചെന്നെങ്കിലും ഫലമുണ്ടായില്ല. ഒടുവിൽ ഗതികെട്ട ബ്രാഹ്മണൻ ശ്രീനിവാസനായിക്കിന്റെ പത്നിയെ കണ്ട് സങ്കടം പറഞ്ഞു. അദ്ദേഹത്തിന്റെ കഷ്ടതയിൽ അലിവു തോന്നിയ ആ സാധ്വി തന്റെ വൈരമൂക്കുത്തി ബ്രാഹ്മണനു സമ്മാനിച്ചു. അതു വിൽക്കാനായി ബ്രാഹ്മണൻ രത്നവ്യാപാരിയായ ശ്രീനിവാസനായിക്കിനെ സമീപിച്ചു. വൈരമൂക്കുത്തി തന്റെ ഭാര്യയുടേതാണെന്നു മനസ്സിലാക്കിയ ശ്രീനിവാസനായിക്ക് ബ്രാഹ്മണനോട് കയർക്കുകയും ക്ഷുഭിതനായി ഭാര്യയോട് അതിനെപ്പറ്റി ആരായുകയും ചെയ്തു. ഭയചകിതയായ അവർ ജഗദീശ്വരനെ പ്രാർത്ഥിച്ചുകൊണ്ട് ആത്മഹത്യക്കു മുതിർന്നു. സത്യസന്ധയായ അവളിൽ കനിവുതോന്നിയ ഭഗവാൻ അവൾക്ക്, സമാനമായ മറ്റൊരു മൂക്കുത്തി കൊടുത്ത് അനുഗ്രഹിച്ചു. അവളത് തന്റെ ഭർത്താവിനു നൽകി. ഭാര്യ നൽകിയ മൂക്കുത്തിയുമായി അദ്ദേഹം തിരികെ കടയിലെത്തി. എന്നാൽ ദരിദ്രബ്രാഹ്മണൻ അപ്പോഴേക്കും അപ്രത്യക്ഷനായിക്കഴിഞ്ഞിരുന്നു. സാക്ഷാൽ ജഗദീശ്വരൻതന്നെയാണ് തന്റെ അല്പത്വത്തേയും ദുരാഗ്രഹത്തേയും ഇല്ലാതാക്കി ബ്രാഹ്മണവേഷത്തിൽ വന്നതെന്നു മനസ്സിലാക്കിയ അദ്ദേഹം അന്നു മുതൽ ദയാശീലനും ദൈവവിശ്വാസിയുമായ ഒരു പുതിയ മനുഷ്യനായി മാറി.

പിന്നീടദ്ദേഹം വിജയനഗരസാമ്രാജ്യത്തിന്റെ രാജഗുരുവായിരുന്ന വ്യാസരായരുടെ ശിഷ്യസ്ഥാനം സ്വീകരിച്ചു. വ്യാസരായരുടെ മറ്റൊരു ശിഷ്യനായ സത്യധർമ്മതീർത്ഥരാണ് അദ്ദേഹത്തിന് പുരന്ദരദാസർ എന്ന നാമം നൽകിയത്. ദിവസവും



തെരുവിലൂടെ തംബുരു മീട്ടി നടന്ന് ഭജന ചെയ്യുമായിരുന്നു. കാലക്രമേണ ഭക്തനും വിരക്തനും സംഗീതോപാസകനുമായി അദ്ദേഹം മാറി. തുടർന്ന് അതിവിദഗ്ധനായ ഒരു ഗായകനും സംഗീതരചയിതാവും ലക്ഷണകാരനുമെന്ന നിലയിൽ അദ്ദേഹം അറിയപ്പെടാൻ തുടങ്ങി. കർണ്ണാടകസംഗീതാഭ്യസനത്തിന് ഒരു പാഠക്രമമുണ്ടാക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയ അദ്ദേഹം സ്വരാവലികൾ, അലങ്കാരങ്ങൾ, ഗീതങ്ങൾ എന്നിവ രചിച്ചു

കർണ്ണാടകസംഗീതത്തെ പരിഷ്ക്കരിച്ചു ചിട്ടപ്പെടുത്തി. ഇദ്ദേഹമാണ് ദക്ഷിണേന്ത്യൻ സംഗീതപഠനത്തിന് മായാമാളവഗൗള അടിസ്ഥാനരാഗമായി അംഗീകരിച്ചത്. സംഗീതവിദ്യാർത്ഥികൾക്ക് ഏറ്റവും ലളിതമായി പഠനം തുടങ്ങാനായി സ്വരാവലികളെല്ലാംതന്നെ അദ്ദേഹം ആദിതാളത്തിലാണ് ചിട്ടപ്പെടുത്തിയത്. സംഗീതകച്ചേരികളിൽ കീർത്തനപദ്ധതി നടപ്പിൽവരുത്തിയതും ഇദ്ദേഹമാണ്. കന്നഡഭാഷയെ വളരെ ലളിതമായും മനോഹരമായും തന്റെ രചനകളിലൂടെ അദ്ദേഹം ആവിഷ്ക്കരിച്ചു. 'പുരന്ദരവിട്ടലന' എന്നതാണ് അദ്ദേഹത്തിന്റെ മുദ്ര.



ഏകദേശം നാലുലക്ഷത്തിഎഴുപത്തിയയ്യായിരം കൃതികൾ അദ്ദേഹം ചിട്ടപ്പെടുത്തിയതായി പറയപ്പെടുന്നു. പ്രശസ്തസംഗീതജ്ഞരായ മൈസൂർ വാസുദേവരായർ, ബിടരാം കൃഷ്ണപ്പ, ആർ.കെ ശ്രീകണ്ഠൻ എന്നിവർ തങ്ങളുടെ സ്വരമാധുരിയിലൂടെ ദാസകൃതികൾക്ക് ലാളിത്യവും മനോഹാരിതയും നൽകി. വഡയാറിലെ ആസ്ഥാനവിദ്വാനായിരുന്ന ചിന്നകേശവയ്യ ദാസരുടെ നൂറിലധികം കൃതികൾ സ്വരപ്പെടുത്തിയിട്ടുണ്ട്. പ്രശസ്ത സംഗീതജ്ഞയായിരുന്ന എം.എൽ വസന്തകുമാരിയുടെ അമ്മയായ ശ്രീമതി ലളിതാങ്കി ദാസരുടെ കൃതികൾക്ക് ജനപ്രീതി നേടിക്കൊടുത്ത മറ്റൊരു വ്യക്തിയാണ്. ബിഡരാം കൃഷ്ണപ്പയാണ് ദേവർനാമങ്ങൾ ഉൾപ്പെടുത്തി ആദ്യമായി കച്ചേരി നടത്തിയത്. 1960 കളിൽ പുറത്തിറങ്ങിയ കന്നഡചിത്രങ്ങളായ നവകോടിനാരായണ, ശ്രീപുരന്ദരദാസരു എന്നിവ പുരന്ദരദാസരെക്കുറിച്ചുള്ള ചലച്ചിത്രങ്ങളാണ്.

ജീവിതാവസാനകാലത്ത് അദ്ദേഹം സന്ന്യാസം സ്വീകരിച്ചു. 1564 ൽ ജനുവരിയിൽ ഹംപി മണ്ഡപത്തിൽവച്ച് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

നാദം കടന്നു നടുവേ വിലസുന്ന നിന്മെയ്
ചേതസ്സിലായ് വരിക ജന്മമറുന്നതിന്നായ്
ബോധംകളഞ്ഞു പുറമേ ചുഴലും ചെവിക്കൊ-
രാതങ്കമില്ലടിയനുണ്ടിതു തീർക്ക ശംഭോ!

നാരായണഗുരു

അബ്രഹാം ഇ.ജെ.




# ഉരുവാക്കു എന്നെ നിന്നിച്ഛപോലെ

വ്യർത്ഥമായെന്നുടെ  യാത്രയിലെപ്പൊഴോ
എത്തി ഞാൻ എപ്പെഴോ നിത്യനികേതത്തിൽ
ഇല്ല കിതപ്പെനിക്കില്ലിന്നു ശാന്തമായ്
ഉള്ളോർപ്പതിന്നു ഞാൻ ഉണ്മയെന്ത്
ആർദ്രനായ് എത്രയലഞ്ഞു ഞാൻ എന്നുടെ
പ്രാർത്ഥനയാലങ്ങു സംഭവിച്ചു.
എത്തി ഞാൻ നിന്നുടെ ചിത്തലോകത്തി-
ലിന്നെത്തി ഞാനിത്തിരി വൈകിയാലും
കൃപയായി നീ എന്നിൽ സംഭവിക്കൂ പുതു
കൃതിയായി തീരട്ടെ ഒന്നിനി ഞാൻ
മണ്ണായിരുന്നു  നിൻ മൂശയിൽ വച്ചെന്നെ
ചാരുതയാർന്നൊരു ശില്പമാക്കി
ഊതിയെൻ മൂക്കിലെൻ ജീവൻ തുടിപ്പിച്ചു
നാവിൽ കുറിച്ചുവന്നാദ്യാക്ഷരം
ഹരിശ്രീയെന്നെഴുതിച്ചു  അങ്ങെന്റെ
കൈവിരൽത്തുമ്പു  പിടിച്ചുകൊണ്ട്
വിപ്രനായ് വന്നെന്റെ വിത്തമായ് തീരണം
ചിന്തം പഠിക്കുവാൻ ചിത്തം കനിയണം.
ഒരു ലോകസൃഷ്ടിക്ക് കരുവായിത്തീരുവാൻ
ഉരുവാക്കു എന്നെ നിന്നിച്ഛപോലെ.

---

(ചിന്തം പഠിക്കുക = കിഴക്കൻ നാടുകളിൽ
നിലത്തെഴുത്തു പൂർത്തിയാക്കുന്ന ചടങ്ങ്)

കെ. ജിഗീഷ്
jigishvkm@gmail.com



# അന്ധഹൃദയങ്ങൾക്കായി ഒരാർദ്രഗീതം



ലാളിത്യമാണ് ഇറാനിയൻ സിനിമയുടെ മുഖമുദ്ര. അബ്ബാസ് കിരോസ്താമി, മൊഹ്സെൻ മഖ്മൽ ബഫ് തുടങ്ങിയ സംവിധായക പ്രതിഭകൾ ചേർന്ന് 80-കളിൽ തുടങ്ങിവെച്ച നവീന ചലച്ചിത്രപരീക്ഷണങ്ങൾ പിന്നീട്, ഒരു ദേശത്തിന്റെ തന്നെ സാംസ്കാരിക ചരിത്രമായി മാറുകയായിരുന്നു. ഇവരുടെ പിൻമുറക്കാരായ മജീദ് മജീദിയും ജാഫർ പനാഹിയും മറ്റും ചേർന്ന്, ഇറാനിലെ സിനിമയെ ലോകത്തിന്റെ നെറുകയിലെത്തിച്ചു. മജീദിയുടെ ചിൽഡ്രൻ ഓഫ് ഹെവൻ എന്ന ചിത്രം വൻകരകൾ കടന്ന് 1998-ൽ ഓസ്കാറിനു നാമനിർദ്ദേശം നേടി. ദുരൂഹബിംബങ്ങളോ, കണ്ണഞ്ചിപ്പിക്കുന്ന കംപ്യൂട്ടർ വിഷ്വലുകളോ, അതിവേഗത്തിൽ വെടിയുതിർക്കുന്ന തോക്കുകളോ, കാറോട്ടമോ, തുണിയുരിയുന്ന രതിയോ ഇല്ലാതെ തന്നെ ഇറാൻ സിനിമ ലോകജനതയോടു സംവദിച്ചു; സമ്പന്നരാജ്യങ്ങളിലെ വാണിജ്യ സിനിമയോടു മൽസരിച്ചു.

സാമ്പത്തികമായ പരാധീനതകളിലും രാഷ്ട്രീയ അതിക്രമങ്ങളിലും സാമൂഹ്യവിവേചനത്തിലും പെട്ടുഴലുന്ന ഒരു സമൂഹം, സിനിമ എന്ന കലാരൂപത്തിലൂടെ ഉയിർത്തെഴുന്നേൽക്കുകയായിരുന്നു. അത്ഭുത

ങ്ങൾക്കൊന്നും പ്രസക്തിയില്ലാത്ത കടുത്ത ജീവിത യാഥാർത്ഥ്യങ്ങളുടെ ആവിഷ്കാരത്താൽ അവ നമ്മെ അമ്പരപ്പിച്ചു. നമ്മുടെ കണ്ണുകളെ ഈറനണിയിച്ചു. ഭക്ഷണത്തിനു വകയില്ലാതെ തെരുവിൽ കഴിയുന്ന വരും പർദയുടെ ഇരുട്ടിൽ ജീവിതം ഹോമിച്ചു തീർക്കുന്നവരും പരുക്കൻ ചുറ്റുപാടുകളിലുരഞ്ഞ് ബാല്യത്തിലേ മുതിർന്ന കുട്ടികളുമൊക്കെ സമ്പന്ന തയുടെ ആലസ്യത്തിലമർന്ന ഒരു സ മൂഹത്തിനു മുന്നിലേക്കു വന്ന്, "നോക്കൂ, ഇങ്ങനെയും കുറേപ്പേർ ഇവിടെയുണ്ട്" എന്നോർമ്മിപ്പിച്ചു. ആർദ്രമായ ചില ജീവിതചിത്രങ്ങൾ തെളിഞ്ഞൊഴു കുന്ന കാട്ടരുവി പോലെ മനസ്സിനെ തരളമാക്കി കടന്നു പോയപ്പോൾ, മറ്റു ചിലവ വൻതിരമാലകളായി വന്ന്, പ്രേക്ഷക നിൽ തീവ്രമായ ഹൃദയ നൊമ്പരമു ണർത്തി.

2000-ാമാണ്ടിൽ പുറത്തിറങ്ങിയ മജീദ് മജീദിയുടെ ചിത്രം കളർ ഓഫ് പാരഡൈസ് (പറുദീസയുടെ നിറം) എട്ടു വയസ്സുകാരനായ മുഹമ്മദ് എന്ന അന്ധബാലന്റെ കഥ പറയുന്നു.

മുഹമ്മദ് പഠിക്കുന്ന നഗരത്തിലെ അന്ധവിദ്യാലയം. അദ്ധ്യയനവർഷ ത്തിലെ അവസാന ദിവസം, തന്നെ കൂട്ടുവാനെത്തുന്ന അച്ഛനെ പ്രതീ ക്ഷിച്ച് അവൻ കാത്തുനിൽക്കുകയാ ണ്. എല്ലാവരും മടങ്ങിയിട്ടും അവ നെക്കൊണ്ടുപോകാൻ മാത്രം ആരുമെത്തുന്നില്ല... ചുറ്റുമുള്ള പ്രകൃതി മാത്രം ഇളം കാറ്റായും കിളി യൊച്ചകളായും അവനോടൊപ്പം ചേരുന്നു. സ്കൂളങ്കണത്തിലെ മര ത്തിൽ ഒരു കിളിക്കൂടുണ്ട്. ഒരു കിളി ക്കുഞ്ഞ് കൂട്ടിൽ നിന്നു താഴെവീണു കരയുന്നു. ഇരയെ മണത്തു വന്ന ഒരു പൂച്ചയെ ഓടിച്ച്, തന്റെ തന്നെ പ്രതിരൂപമായ കിളിക്കുഞ്ഞിനെ അല്പനേരത്തിനുള്ളിൽ അവൻ കൂടിന്റെ സുരക്ഷിത വലയത്തിലെ ത്തിക്കുന്നു....കണ്ണിലെ ഇരുട്ടിനെ ഒരു ബാലൻ മന:ശ്ശക്തിയാൽ തോൽപി ക്കുന്ന കാഴ്ച

ആരിലും അനുതാപമുണർത്തു ന്നതാണ്...ഏറെ വൈകി അച്ഛനെ ത്തുന്നു. എന്നാൽ, അവധിക്കാലത്ത് അവനെ ഒടുവിൽ സ്കൂളധികൃതരുടെ ശകാരവും കേട്ട്, മനസ്സില്ലാമനസ്സോടെ അയാൾ മകനുമായി മടങ്ങുന്നു. ഭാര്യ യുടെ മരണത്തെത്തുടർന്ന് പുതി യൊരു ബീവിയെ സ്വപ്നം കണ്ടു കഴിയുന്ന അയാൾക്ക് തന്റെ വീട്ടിൽ അന്ധനായ മുഹമ്മദിന്റെ സാന്നിധ്യം വലിയൊരസൗകര്യമത്രേ!!

നഗരപാതകൾ പിന്നിട്ട്, വിസ്തൃ തമായ വയലുകൾ കടന്ന്, ഗ്രാമ ത്തിലെ വസതിയിലേക്കുള്ള മുഹമ്മ ദിന്റെ യാത്ര അവനു മാത്രമല്ല, പ്രേക്ഷകനും സ്വപ്നസദൃശമായ ഒര നുഭവം തന്നെയാണ്. ബസ്സിന്റെ സൈഡ്സീറ്റിലിരുന്ന്, കൈകൾ പുറ ത്തേക്കിട്ട് അവൻ, കാറ്റിനെ പിടിച്ചെ ടുക്കുന്നു. കാട്ടുപച്ചകളുടെ സാന്നിധ്യമറിയുന്നു. വീട്ടിൽ, വാൽസല്യനിധി യായ മുത്തശ്ശിയും കുസൃതിക്കുരു ന്നുകളായ സഹോദരിമാരും ചേർന്ന് അവനെ സ്വീകരിക്കുന്നു. നഗര ത്തിൽനിന്ന് അവർക്കായി കൊണ്ടു വന്ന സമ്മാനങ്ങൾ അവൻ പങ്കുവെ യ്ക്കുന്നു. മൂവരും ചേർന്നു സൃഷ്ടി ക്കുന്ന സ്നേഹത്തിന്റെ തുരു ത്തിൽ മുഹമ്മദ് തന്റെ കുറവുക

ളെല്ലാം മറക്കുകയാണ്. ഗ്രാമജീവിതത്തിന്റെ വറ്റാത്ത നന്മകൾ ഗൃഹാതുരസ്മരണകളുണർത്തി, സ്വർഗ്ഗം ഭൂമിയിലേക്കിറങ്ങിവന്ന പ്രതീതി ജനിപ്പിക്കുന്നു...വിളഞ്ഞ നെൽപ്പാടങ്ങളും, കാടും മലയും മരങ്ങളും പുഴയും ചേർന്ന വന്യപ്രകൃതി... മനസ്സിന്റെ കണ്ണിലൂടെ മാത്രം കാണുന്ന മുഹമ്മദിന്റെ ഭാവനയ്ക്കു വർണ്ണച്ചിറകുകൾ നൽകിക്കൊണ്ട് ഈ മനോഹര സീക്വൻസുകൾ സിനിമയുടെ ആത്മാവായി മാറുന്നു.

മുത്തശ്ശിയുടെ ആശീർവാദത്തോടെ, സഹോദരിമാർ പഠിക്കുന്ന സ്കൂളിൽ അതിഥിയായെത്തിയ അവൻ, തന്റെ ബുദ്ധിവൈഭവത്താൽ ക്ലാസ് മുറിയിൽ മറ്റു കുട്ടികളെയും അധ്യാപകനെയും അത്ഭുതപ്പെടുത്തുന്നു. എന്നാൽ, മുഹമ്മദ് കണ്ണിലെ കരടായ അച്ഛന് ഇതൊന്നുമിഷ്ടമായില്ല. തന്റെ പുനർവിവാഹത്തിനു മുൻപായി അവനെ വീട്ടിൽ നിന്നൊഴിവാക്കി, അകറ്റിനിർത്തുകയാണ് അയാളുടെ ഉദ്ദേശ്യം. പ്രതിശ്രുതവധുവിനു സ്ത്രീധനവും സമ്മാനങ്ങളും നൽകി അയാൾ വിവാഹത്തിനൊരുങ്ങുന്നു. ഒപ്പം, അമ്മയുടെ എതിർപ്പിനെ അവഗണിച്ച്, മകനെ ദൂരെയുള്ള അന്ധനായ ഒരു ആശാരിയുടെയൊപ്പം കൊത്തുപണികൾ പരിശീലിക്കുവാൻ ഏർപ്പാടാക്കി മടങ്ങുന്നു.

അന്ധതയുടെ തീരാശാപങ്ങളെ തന്റെ നിശ്ചയദാർഢ്യത്താൽ മറികടന്ന് ഒരു ജീവിതം കണ്ടെത്തിയ അലി എന്ന ആശാരി സ്നേഹവാൽസല്യങ്ങളാൽ അവന് ആശ്വാസം പകരുന്നുണ്ടെങ്കിലും തന്റെ ആത്മസുഹൃത്തായ മുത്തശ്ശിയെ പിരിഞ്ഞുള്ള ജീവിതം മുഹമ്മദിനു സഹിക്കാനാവുമായിരുന്നില്ല... ദുഖം താങ്ങാനാവാതെ അവൻ വിങ്ങിപ്പൊട്ടുന്നു: "ദൈവത്തിന് അന്ധരെ കൂടുതലിഷ്ടമാണെന്നാണു ടീച്ചർ പറയുന്നത്..അങ്ങനെയാണെങ്കിൽ എന്തിനാണു ഞങ്ങളെ അന്ധരായി ജനിപ്പിച്ചത്? എന്നെങ്കിലുമൊരിക്കൽ ഞാൻ ദൈവത്തെ കണ്ടുപിടിക്കും... ആരോടും പറയാത്ത ഒരുപാടു രഹസ്യങ്ങൾ ഞാൻ പറഞ്ഞുകൊടുക്കും!"



മുത്തശ്ശിയുടെ അവസ്ഥയും മറിച്ചായിരുന്നില്ല. അമ്മയില്ലാത്ത തന്റെ ചെറുമകന്റെ അനാഥജീവിതത്തെക്കുറിച്ചോർത്തു മനംനൊന്ത്, അവർ വീടു വിട്ടിറങ്ങുന്നു. പിന്നീട്, മകന്റെ നിർബന്ധത്തിനു വഴങ്ങി വീട്ടിലേക്കു മടങ്ങിയെങ്കിലും താമസിയാതെ അവർ മരണപ്പെടുന്നു. മരണവേളയിൽ, ഏറെ ദൂരെയാണെങ്കിലും സ്നേഹത്താൽ ബന്ധിത

രായ മുഹമ്മദിന്റെയും മുത്തശ്ശിയുടെയും മനസ്സുകൾ നിശ്ശബ്ദമായി സംവദിക്കുന്നതു നാം കാണുന്നു. മഞ്ഞുമൂടിയ മലകളും പുഴയും അരിച്ചെത്തുന്ന മേഘപടലങ്ങളും... വിഷാദപൂരിതമായ പ്രകൃതിബിംബങ്ങൾ എത്രത്തോളം വാചാലമാവാമെന്നതിന് ഉത്തമനിദർ ശനമായിത്തീരുന്ന ഷോട്ടുകൾ!

അനിവാര്യമായതുപോലെ, ദുരന്തങ്ങൾ ഒന്നൊന്നായി മുഹമ്മദിനെയും പിതാവിനെയും തേടിയെത്തുന്നു. നിശ്ചയത്തിനു ശേഷം വീട്ടിലുണ്ടായ അപ്രതീക്ഷിതമരണം ഒരു ദുർനിമിത്തമായിക്കണ്ട്, പെൺവീട്ടുകാർ വിവാഹബന്ധത്തിൽ നിന്നു പിൻവാങ്ങുന്നു. കെട്ടിയുയർത്തിയ സ്വപ്നഭവനം കൺമുന്നിൽ തന്നെ തകർന്നു വീഴുകയാണ്! മനംമടുത്ത അയാൾ നഗരത്തിലെത്തി മുഹമ്മദുമായി വീട്ടിലേക്കു മടങ്ങുന്നു. മടക്കയാത്രയിൽ മരണം ഒരു മലവെള്ളപ്പാച്ചിലായി വന്ന് മുഹമ്മദിനെ ഒഴുക്കിക്കൊണ്ടു പോകുന്നു. മകനെ രക്ഷപ്പെടുത്താൻ മുന്നോട്ടാഞ്ഞ അയാൾ പെട്ടെന്ന് ചഞ്ചലചിത്തനാവുന്നു. അന്ധനായ മകന്റെ അഭാവം തന്റെ ജീവിതത്തിൽ ഉണ്ടാക്കാനിടയുള്ള നേട്ടങ്ങൾ, ഒരു വേള അയാളെ പ്രലോഭിപ്പിച്ചിരിക്കാം... പിന്നീട്, തിരിച്ചറിവിന്റെ മാത്രയിൽ, നദിയിലേക്കു ചാടുകയും മുഹമ്മദിനു പിന്നാലെ ഒഴുക്കിൽപ്പെട്ടുലഞ്ഞ് കരയ്ക്കടിയുകയും ചെയ്യുന്നു..ഒടുവിൽ, ഒരു പക്ഷിക്കുഞ്ഞിനെപ്പോലെ മൃതപ്രായനായ മകനെ നെഞ്ചിൽച്ചേർത്ത്, അയാൾ പൊട്ടിക്കരയുമ്പോൾ, ദൈവത്തിന്റെ കരങ്ങൾ പ്രവർത്തിച്ചതുപോലെ, അവന്റെ കുരുന്നുകൈവിരലുകൾ സൂര്യവെളിച്ചത്തിനു നേരെ പതിയെ നിവരുന്നത് ഒരു ദീർഘനിശ്വാസത്തോടെ നാം കാണുന്നു!!

യാഥാസ്ഥിതികവും പക്ഷപാതപരവുമായ ദൈവസങ്കൽപങ്ങളെ ഊട്ടിയുറപ്പിക്കുന്ന എത്രയെങ്കിലും സിനിമകൾ നമുക്കുണ്ട്. എന്നാൽ, തികച്ചും മാനവികമായ, മതനിരപേക്ഷമായ ഒരു ദൈവസങ്കൽപം ഈ ചിത്രത്തിനു നൽകുന്ന വ്യത്യസ്തമാനവും നിരുപമസൗന്ദര്യവും എടുത്തുപറയേണ്ടതാണ്. ദൈവനാമത്തിൽ തുടങ്ങുന്ന സിനിമയിലെ ഓരോ കഥാപാത്രവും വിശേഷിച്ചു കുട്ടികൾ, അദൃശ്യമായ ആ കരസ്പർശത്താൽ പൂർണ്ണരായിരിക്കുന്നു. നാമമാത്രമായ കഥാപാത്രങ്ങൾ മാത്രമേയുള്ളു; എന്നാൽ മജീദിയുടെ ക്യാമറക്കണ്ണുകൾ അവരുടെ സ്വഭാവസവിശേഷതകൾ ഒരു ഭൂതക്കണ്ണാടിയിലൂടെയെന്നവണ്ണം അതിസൂക്ഷ്മമായും വിശദമായും പിടിച്ചെടുക്കുന്നു. ഏറെക്കുറെ സമീപദൃശ്യങ്ങൾ മാത്രമുള്ള ചിത്രത്തിന്റെ ഘടനയും കുഞ്ഞുങ്ങളെപ്പോലും ആകർഷിക്കുന്ന അതീവ ലളിതമായ പരിചരണരീതിയും പ്രത്യേകം ശ്രദ്ധേയമാണ്.


അന്ധനായിരിക്കുമ്പോഴും മുഹമ്മദിന്റെ സവിശേഷവ്യക്തിത്വത്തിന്റെ ഭാഗമായ നിരീക്ഷണപാടവവും പ്രകൃതിസ്നേഹവും ബുദ്ധിശക്തിയുമൊക്കെ അതിഭാവുകത്വമി

ല്ലാതെ തന്നെ അവതരിപ്പിച്ചിരിക്കുന്നു. മൊഹ്സെൻ റംസാനി എന്ന ബാലനടന്റെ പ്രകടനം മിതവും എന്നാൽ അവിസ്മരണീയമാം വിധം വികാരതീവ്രവുമാണ്. ദൈവത്തോടുള്ള മുഹമ്മദിന്റെ തീരാത്ത പരിഭവങ്ങൾ ഏതൊരു കഠിനഹൃദയന്റെയും കരളലിയിക്കുന്നതാണ്!

നന്മ-തിന്മകൾ ചതുരംഗം നടത്തുന്ന ചഞ്ചലമനസ്സുമായി നിരന്തരം സംഘർഷമനുഭവിക്കുന്ന പരുക്കനായ പിതാവിന്റെ ഭാവപ്രകാശനങ്ങൾ സൂക്ഷ്മാംശങ്ങളിൽപ്പോലും കൃത്യതയുള്ളതാണ്. ഏതോ ദുരന്തത്തിന്റെ മുന്നറിയിപ്പുപോലെ അവ്യക്തമായ ഒരശരീരി അയാളെ എപ്പോഴും പിന്തുടരുന്നതു കാണാം. അത്യന്തം ദുഷ്കരമായ ഈ കഥാപാത്രത്തെ ഹുസൈൻ മഹ്ജൂബ് എന്ന നടൻ സമർത്ഥമായി വ്യാഖ്യാനിക്കുന്നുണ്ട്. മകനെയും, അമ്മ നഷ്ടപ്പെട്ട ചെറുമകനെയും ഒരേപോലെ ഉൾക്കൊള്ളുവാനുള്ള വിഫലശ്രമത്തിനിടയിൽ, പുഞ്ചിരിക്കുന്ന മുഖവുമായി ജീവിതത്തിൽനിന്നു വിടപറയുന്ന സ്നേഹസ്വരൂപമായ മുത്തശ്ശിയും ദേവദൂതരെപ്പോലുള്ള മുഹമ്മദിന്റെ രണ്ടു സഹോദരിമാരുമൊക്കെ, പാത്രസൃഷ്ടിയുടെ മികച്ച മാതൃകകൾ തന്നെയാണ്.

ഈ ചിത്രത്തിലെ പശ്ചാത്തലസംഗീതം പ്രത്യേക പരാമർശമർഹിക്കുന്നു. അന്ധനായ മുഹമ്മദിന്റെ വീക്ഷണത്തിലുള്ള കഥാഖ്യാനത്തിൽ, പ്രകൃതിയുടെ നിറസാന്നിധ്യത്തിന് അകമ്പടി സേവിക്കുന്ന കാറ്റിന്റെയും കിളികളുടെയും പുഴയുടെയും ശബ്ദങ്ങൾ പ്രധാന പങ്കു വഹിക്കുന്നു. ഇക്കാരണത്താൽ തന്നെ, മുഹമ്മദിനെപ്പോലെ അന്ധനായി ജനിക്കാനിടയായ നിർഭാഗ്യവാനായ ഒരു വ്യക്തിക്കുപോലും, ഈ സിനിമയുടെ സൗന്ദര്യം ആസ്വദിക്കാനും അതിന്റെ ദർശനം ഗ്രഹിക്കുവാനും കഴിയും.

ദൈവവും മനുഷ്യനും തമ്മിൽ, നന്മയും തിന്മയും തമ്മിൽ, ദുഖവും ആഹ്ളാദവും തമ്മിൽ അജ്ഞേയമായ ഒരു ഒളിച്ചുകളി ചിത്രത്തിലുടനീളം തുടരുന്നു! മനുഷ്യനെന്ന നിലയ്ക്കുള്ള പരിമിതികൾ, ഈ സിനിമയുടെ വിജയഘടകങ്ങളെക്കുറിച്ചു കൂടുതൽ ഉപന്യസിക്കുന്നതിൽ നിന്ന് എന്നെ വിലക്കുന്നു. എന്തുകൊണ്ടെന്നാൽ, ദൈവത്തിന്റെ വിശുദ്ധകരങ്ങളാൽ അനന്തവിഹായസ്സിൽ വിരചിക്കപ്പെട്ടതത്രേ ഈ പറുദീസാ ചിത്രം!!



# വേദാന്ത വൃത്താന്തം

## അന്താരാഷ്ട്രപുസ്തകോത്സവം – കൊച്ചി




കൊച്ചി: 2008 ഡിസംബർ 5 മുതൽ 14 വരെ എറണാകുളത്തുവച്ചു നടന്ന അന്താരാഷ്ട്ര പുസ്തക കോത്സവത്തിൽ വൺ-വേൾഡ് സ്കൂൾ ഓഫ് വേദാന്തയും പങ്കെടുത്തു. ബുക്സ്റ്റാളിൽ വൺ-വേൾഡ് പബ്ലിഷിങ് ഹൗസിലെ പുസ്തകങ്ങൾക്കു പുറമേ, നാരായണ ഗുരുകുലം, രമണാശ്രമം, രാമകൃഷ്ണമഠം, ഓഷോ ബുക്സ്, ഡി.സി ബുക്സ് എന്നിവിടങ്ങളിലെ പുസ്തകങ്ങൾ ഉണ്ടായിരുന്നു. രമണമഹർഷിയുടെ പുസ്തകങ്ങൾ ഏറ്റവും ശ്രദ്ധേയമായി.

## ഗുരുദേവഹോമവും സത്സംഗവും

പൂത്തോട്ട: 2008 ഡിസംബർ 13-ാം തിയ്യതി വൈകീട്ട് ആറ് മണിക്ക് കണ്ണാടിത്തറ ശ്രീ. കരുണാകരൻചേട്ടന്റെ വസതിയിൽവച്ച് ശ്രീനാരായണഗുരു അനുഗ്രഹിച്ചരുളിയ ഹോമവും ഉപനിഷദ്പാരായണവും നടത്തി. തുടർന്ന് സ്വാമി സുധിയുടെ സാന്നിദ്ധ്യത്തിൽ സത്സംഗം നടന്നു. ഹോമമന്ത്രത്തെക്കുറിച്ച് പ്രഭാഷണം നടത്തി.

## ആത്മോപദേശശതകം ധ്യാനസംഗമം

പൂത്തോട്ട: എല്ലാം രണ്ടാമത്തെ ഞായറാഴ്ചയും 5.30 ന് എണ്ണക്കാത്തറ ഡോക്ടർ പ്രഭാകരന്റെ വസതിയിൽവച്ചു നടത്തുന്ന ആത്മോപദേശശതകം പ്രഭാഷണപരമ്പര തുടരുന്നു. കഴിഞ്ഞമാസം ആത്മോപദേശശതകത്തിലെ മൂന്നാമത്തെ ശ്ലോകമാണ് എടുത്തത്.

# അഷ്ടാവക്രഗീതയ്ക്കൊരു ആമുഖം

വൈറ്റില: വൈറ്റില ശ്രീരാമകൃഷ്ണമഠത്തിൽ 2008 ഡിസംബർ 27 ശനിയാഴ്ച വൈകിട്ട് 5.30 ന് അഷ്ടാവക്രഗീതയ്ക്കൊരു ആമുഖം എന്ന വിഷയത്തെ ആസ്പദമാക്കി സ്വാമി സുധി പ്രഭാഷണം നടത്തി. ആത്മാനുഭവിയായ ഒരുവന്റെ ആത്മവിശ്വാസം സാഹചര്യങ്ങൾക്കൊണ്ടു ക്ഷതപ്പടുന്നതോ നിർവീര്യമാകുന്നതോ അല്ല. ബാഹ്യമായ വൈരൂപ്യത്തിലും ആത്മസൗന്ദര്യത്തിന്റെ മഹനീയമായ വ്യക്തിത്വം പ്രകാശിപ്പിച്ച അഷ്ടാവക്രമുനിയുടെ വാക്കുകൾ മനുഷ്യഹൃദയങ്ങളെ സഹസ്രാബ്ദങ്ങളായി പിടിച്ചുലയ്ക്കുന്നവയാണ്. തദവസരത്തിൽത്തന്നെ സ്വാമി സുധിയുടെ പുതിയ പുസ്തകമായ "മാതൃത്വത്തിന്റെ മാധുര്യം" (നാരായണഗുരുവിന്റെ ജനനീ



നവരത്നമഞ്ജരിയുടെ വ്യാഖ്യാനം) എന്ന പുതിയ പുസ്തകം വൈറ്റില ശ്രീരാമകൃഷ്ണമഠാധിപതി ശ്രീമത് ആത്മസ്വരൂപാനന്ദ സ്വാമികൾ ശ്രീ. ഗോപിനാഥൻ പൊന്നുരുന്നി നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.

# ഗുരു നിത്യചൈതന്യയതി സാധകസംഗമം

കാലടി: 2008 ഡിസംബർ 14 ന് കാലടിയിലെ സമീക്ഷയിൽ സംഘടിപ്പിച്ച ഗുരു നിത്യചൈതന്യയതിയുടെ ആദ്ധ്യാത്മികദർശനത്തെക്കുറിച്ചുള്ള സ്വാമി സുധിയുടെ ഹൃദയംപങ്കിടൽ എറെ ഹൃദ്യമായിരുന്നു. ഫാ. സെബാസ്റ്റ്യൻ പൈനാടത്തിന്റെ നേതൃത്വത്തിൽ നടന്ന നൂറോളം സാധകന്മാർ പങ്കെടുത്ത സാധകസംഗമം പുതുമ നിറഞ്ഞ അനുഭവമായി. സമീക്ഷയിൽ ഒരുക്കിയിട്ടുള്ള ലേബ്രിൻദ് എന്ന ധ്യാനപഥം ആകർഷണീയമായിരുന്നു.

# കർമ്മദർശനവും കർമ്മയോഗവും

കോട്ടയം: കുറിച്ചി അദ്വൈതവിദ്യാശ്രമത്തിൽവച്ച് "നാരായണഗുരുവിന്റെ കർമ്മദർശനവും ഭഗവദ്ഗീതയിലെ കർമ്മയോഗവും" എന്ന വിഷയത്തെ ആസ്പദമാക്കി ഡിസംബർ ഏഴാം തീയതി സ്വാമി സുധിയുടെ പ്രഭാഷണം ഉണ്ടായിരുന്നു. ചടങ്ങിൽ ശ്രീ. കുറിച്ചി സദൻ സ്വാഗതം പറയുകയും മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ആശ്രമം മഠാധിപതിയായ സ്വാമി ധർമ്മചൈതന്യ കൃതജ്ഞത പറഞ്ഞു.

# ശ്രീനാരായണസേവികാശ്രമം, വടക്കൻ പറവൂർ



വടക്കൻ പറവൂർ: ശ്രീനാരായണ സേവികാശ്രമത്തിൽ ഡിസംബർ 13 ശനിയാഴ്ച രാവിലെ നടന്ന സത്സംഗത്തിൽ സ്വാമി സുധി മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിൽ സ്വാമിനി അമൃതമാതാ അദ്ധ്യക്ഷം വഹിച്ചു. സ്വാമി ഋഷി ചൈതന്യ (ബോംബേ), കൃഷ്ണമയി രാധ മാതാജി (വടക്കൻ പറവൂർ) തുടങ്ങിയവർ പങ്കെടുത്തു സംസാരിച്ചു.

# പ്രാർത്ഥനയും സത്സംഗവും

ഉദയംപേരൂർ: കിണറ്റുകരയിൽ ശ്രീ. അനിൽകുമാറിന്റെ വസതിയിൽ ഡിസംബർ 21 – ാം തിയ്യതി ഞായറാഴ്ച രാവിലെ പത്തുമണിക്ക് ഹോമവും ഉപനിഷദ്പാരായണവും പ്രാർത്ഥനയും പ്രവചനവും നടന്നു.


ഗുരുരാഗം

വേദാന്ത മാസിക വായിക്കുക വരിക്കാരാവുക

പേര്.......................................................

വിലാസം.......................................................

പോസ്റ്റ്......................................പിൻ കോഡ്....................

സ്ഥലപ്പേര്/റോഡ്..................................ജില്ല............................

ഫോൺ...................................മൊബൈൽ.....................................

1 വർഷം 120 രൂപ

2 വർഷം 240 രൂപ

ആജീവനാന്തം 1500 രൂപ

മാസിക വേണ്ടവർ

മണിയോർഡർ/ചെക്ക് അയയ്ക്കുക

ഗുരുരാഗം മാഗസിൻ, നിത്യനികേതനം, ചെത്തിക്കോട് പി.ഒ.

കാഞ്ഞിരമറ്റം, എറണാകുളം-682315, ഫോൺ-0484-2749819



Printed, published, owned by Sajitha M.S, and printed at Jyothi printers, Tripunithura P.O, Ernakulam Dt, and published at Nityaniketan, Chethikode P.O, Kanjiramattom, Ernakulam-682315, Kerala. Editor - Sajita M.S.